
മാറ്റൊലി
DIGITAL MAGAZINE
HOLY FAMILY HS VENAPPARA
OMASSERY , KOZHIKODE

# ഹോളി ഫാമിലി ഹൈസ്കൂൾ വേനപ്പാറ— ലിറ്റിൽ കൈറ്റ്സ് ഒരുക്കിയ

# *മാറ്റൊലി*



# സന്തോഷ നിമിഷങ്ങളിലൂടെ

# ..................2019








ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ
കോർപറേറ്റ് മാനേജർ

## ആശംസ

വേനപ്പാറ ഹോളി ഫാമിലി ഹൈസ്കൂൾ, ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഭാഗമായി ഒരുഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ആധുനിക വിവരവിനിമയ സംവേദന ഉപകരണങ്ങളോട് ഉള്ള കുട്ടികളുടെ താത്പര്യം പഠനപ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ വലിയ മാറ്റം ആയിരിക്കും ഉണ്ടാവുക. ഇത്തരത്തിലുള്ള മുന്നേറ്റം ലക്ഷ്യമാക്കിയുള്ള ഐ.ടിക്ലബ്ബിന്റെ പ്രവർത്തനങ്ങൾ അങ്ങേയറ്റം പ്രശംസനീയമാണ്. കാലഘട്ടത്തിന്റെ മടിത്തട്ടിൽ നിന്ന് നാം ആർജ്ജിച്ചെടുത്ത അറിവും അനുഭവവും ഗുരുഭൂതരുടെ വഴിനടത്തലും ഒരുമിച്ച് സമ്മേളിക്കുമ്പോൾ അത് മികച്ച സർഗാത്മ സൃഷ്ടികൾ ആയി മാറുന്നു.

ഈ ഡിജിറ്റൽ മാഗസിനായി അണിയറയിൽ പ്രവർത്തിച്ച എല്ലാവരെയും അനുമോദിക്കുന്നു. ഇതിനായുള്ള കുട്ടികളുടെയും അധ്യാപകരുടെയും എല്ലാ പരിശ്രമങ്ങളും വരും കാലങ്ങളിലുള്ള പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാവട്ടെ ................



**ഫാ. ജോൺസൺ പാഴുക്കുന്നേൽ**
**സ്കൂൾ മാനേജർ**



## ആശംസ

വേനപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു. ഹൈടെക് സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനും സംരക്ഷിക്കുന്നതിനും കുട്ടികളുടെ സാങ്കേതിക പരിജ്ഞാനം ഫലപ്രദമായി വർധിപ്പിക്കുന്നതിനും ഉള്ള വിവിധ പ്രവർത്തനങ്ങൾ ക്ലബ്ബ് നേതൃത്വത്തിൽ സ്കൂളിൽ നടക്കുന്നു............
പഠനപ്രവർത്തനങ്ങൾ സാങ്കേതിക വിദ്യ അധിഷ്ഠിതമായതോടെ അധ്യാപകർക്കൊപ്പം മികവിലേയ്ക്കെത്താൻ കുട്ടികൾക്കും അവസരം നൽകുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് എല്ലാ ആശംസകളും നേരുന്നു.............






## ഹെഡ്മാസ്റ്റർ
## വിൽസൺ ജോർജ്

# ആശംസ......

ഭാവന അക്ഷര രൂപത്തിൽ
ഉയർത്തെഴുന്നേൽക്കുമ്പോൾ അത് മികച്ച സാഹിത്യ സൃഷ്ടിയായി മാറുന്നു. അവ_മനുഷ്യ മനസ്സിനെ വിമലീകരിക്കുന്നു..
ചുറ്റുപാടും *മാറ്റൊലി* കൊള്ളുന്നു. ...
സർഗ്ഗവാസനകൾ ഡിജിറ്റൽ രൂപത്തിൽ ആവിഷ്കരിക്കപ്പെടുന്ന അത്ഭുത പ്രതിഭാസത്തിന് നാം സാക്ഷികളായി തീരുകയാണ്.

വേനപ്പാറ ഹോളി ഫാമിലിയിലെ ലിറ്റിൽ കൈറ്റ് കൂട്ടുകാർ ചേർന്നൊരുക്കുന്ന ഡിജിറ്റൽ മാഗസിൻ എന്തു കൊണ്ടും പുതുമ നിറഞ്ഞതാണ്. കംമ്പ്യൂട്ടറിന്റെ സാധ്യതകൾ അനന്തമാണ്. അസാധ്യങ്ങളെ സാധ്യങ്ങളാക്കാൻ സമ്പന്നമായ അക്ഷരപട്ടങ്ങളെ ഡിജിറ്റൽ ലോകത്തിന്റെ ഉയരങ്ങളിൽ പറത്താൻ
നിങ്ങൾക്കു സാധിക്കട്ടെ. അത് എത്ര ഉയരത്തിൽ പറക്കണമെന്ന് തീരുമാനിക്കേണ്ടത് നിങ്ങളാണ്..........................
അതിന്റെ ചരടിനെ ഒരറ്റം നിങ്ങളുടെ കൈയ്യിൽ ഉള്ളിടത്തോളം കാലം..........





ആശംസകളോടെ....

PTA പ്രസിഡന്റ്
ശ്രീ.രാജു മാളിയേക്കൽ

വിദ്യാർത്ഥികളുടെ സർഗ്ഗശേഷി അനന്തവിഹായസ്സിലേക്ക്
പറന്നുയരുന്ന നിമിഷങ്ങൾ........
പഠനത്തിനപ്പുറം പുതിയ
ലോകത്തെ കയ്യെത്തിപ്പിടിക്കാനുള്ള പരിശ്രമം.................
വേനപ്പാറ ഹോളി ഫാമിലിയിലെ ലിറ്റിൽ കൈറ്റ്സ്
വിദ്യാർത്ഥികളുടെ ഉജ്ജ്വല സംരംഭമായ ഡിജിറ്റൽ മാഗസിന്
അഭിവാദ്യങ്ങളർപ്പിച്ചു കൊണ്ട്............

*സ്നേഹാശംസകൾ നേരുന്നു..*



# SCHOOL STAFF



## LITTLE KITES (2018-21 batch)



# മാറ്റൊലി 2020

## Holy Family High School Venappara

## Kozhikode



## EDITORIAL BOARD

### Managing Editor

Wilson George
(Head Master)

### Chief Editor

Mary Shyla

### Sub Editor

Sherly Mathew

### Student Editor

Fathima Hiba

### Editorial Board

Moly Joseph
Sr.lettin
Shery Jose
Shine K. Punnoose

Naseeha Nasrin
Sabrina P.A
Najiya Nasrin
Dilna Fathima
Adorn John
Safa Sherin

## മുഖമൊഴി

അക്ഷരങ്ങൾ അക്ഷയഖനികളാണ്....
ഇവ വാക്കുകൾ ആകുമ്പോൾ മനുഷ്യമനസ്സിന്റെ
സാക്ഷാൽകാരമായി പരിണമിക്കുന്നു....
ആത്മവിശ്വാസത്തിന്റെ വിനിമയമായി മാറുന്നു.
ഉള്ളിലെ അന്ധകാരത്തെ നീക്കാൻ കഴിയുന്ന ഉൾക്കാഴ്ചകൾ
നവസമൂഹസൃഷ്ടിക്ക് കാരണമാകുന്നു.
പുതിയ കാലം...........പുതിയ ലോകം......
വാക്കുകളുടെ അനന്തസാധ്യതകൾ തുറന്നിട്ട മായാലോകം.
വിവര സാങ്കേതിക വിദ്യയുടെഅനന്തവിഹായസ്സിലേക്ക് ...
അറിവിന്റെ മുത്തുകൾ ചിതറിച്ചു കൊണ്ട്,
നക്ഷത്രശോഭയോടെ ലിറ്റിൽ കൈറ്റ്സ് .................സർഗ്ഗധനരായ
വിദ്യാർത്ഥികളുടെ ഭാവനാവിലാസങ്ങൾ മധുരമൊഴികളായി,
മനോഹരവർണ്ണങ്ങളായി ...
ഡിജിറ്റൽ രൂപത്തിൽ ചേർത്തുവെക്കുന്നു.
ഓരോ സൃഷ്ടിയും തേനൂറും പൂക്കളായി വിടർന്നു വിലസുന്നു.
ഈ സുവർണ്ണ മുഹൂർത്തത്തിൽ സമർപ്പിക്കുന്നു........
പ്രതിഭാധനരായ പുതുതലമുറയുടെ മികവിന്റെ "മാറ്റൊലി"



മേരി ഷൈല



*ചീഫ് എഡിറ്റർ*

## ഉള്ളടക്കം

ചരിത്രവീഥിയിലൂടെ.........................................................16
..................................................................................19
കല്പവൃക്ഷം..........................................................................19
..................................................................................20
GOD....................................................................................20
..................................................................................20
PANACEA............................................................................21
പെൻസിൽ ഡ്രോയിംഗിന്റെ മായികക്കാഴ്ചകളിലൂടെ.............
..................................................................................22
വർണ്ണ വിസ്മയം.......................................................................23
വേര്....................................................................................24
ഒരു കൊച്ചു ശാസ്ത്രം................................................................26
ഒരു അയനം.............................................................................27
..................................................................................27
വിദ്യാർത്ഥികളുടെ കരവിരുത്.........................................................28
എന്റെ ഗ്രാമം...........................................................................31
ചിറകൊടിഞ്ഞ സ്വപ്നം -കഥ..........................................................32
NATURE OUR MOTHER.........................................................34
പുളിയുടെ രസതന്ത്രം..................................................................35
നല്ലപാഠത്തിന്റെ ചരിത്രത്താളുകളിലേയ്ക്ക്.....................................36
പ്രളയം-- ഒരോർമ്മക്കുറിപ്പ്............................................................37
ഞാവൽ..................................................................................38
അവസാനത്തെ ഉമ്മ..................................................................39
DIGITAL POOKKALAM...........................................................40
ലിറ്റിൽ കൈറ്റ്സ് പദ്ധതി................................................................41
സമൂഹത്തെ കാർന്നു തിന്നുന്ന ലഹരി...............................................44

ഗാന്ധി സൂക്തങ്ങൾ.....45
A Teacher.....46
The miracle of friendship.....47
Beautiful Sayings.....48
.....49
ജൂനിയർ റെഡ്ക്രോസ്സ്.....49
മരണസംസ്കാരം -ലഹരിയിലൂടെ.....51
.....53
അഗ്നിച്ചിറകുകൾ.....53
.....54
क्या वह अकेली है?.....54
भारत की राष्ट्रीय एकता.....55
.....56
OUR PROUD MOMENTS .....56
റേഡിയോ ക്ലബ്ബ്.....56
ക്ലാസ് ലൈബ്രറി.....57
ഹോം ലൈബ്രറി.....60
ക്രിയേഷൻസ് ആർട്ട്സ് ക്ലബ്ബിന്റെ ചിത്ര പ്രദർശനം.....62
ലഹരിയ്ക്കെതിരെയുള്ള പോരാട്ടങ്ങളിലൂടെ.....64
ഗ്രാമക്കാഴ്ചകൾ.....64
π through the ages.....66
KERALA.....67
ലഹരി വിരുദ്ധ ദിനാചരണം.....69
രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം.....71
അമ്മ വായന.....73
.....74
അരുത് ലഹരി.....75
കറുമ്പി -കഥ.....76

എന്റെ അമ്മ -മലയാളം.....77
രാമായണ ക്വിസ്.....78
FRIENDSHIP.....79
The Echoing Green.....80
ജീവിത സ്വപ്നം -കഥ.....82
വിസ്മയയുടെ വിസ്മയങ്ങൾ.....84
.....85
സൗന്ദര്യം -കഥ.....86
രണ്ടാം ബാല്യം.....87
WINNERS OF THE YEAR(2019-20).....88
വൃക്ഷവും കവിയും.....89
ഭൂമിയുടെ മക്കൾ.....90
അമ്മ.....91
കേരള –ചരിത്ര ക്വിസ്.....92
കടങ്കഥകൾ.....94
PAINTINGS.....95
.....95
IMPORTANCE OF SPORTS IN EDUCATION.....96
വൃദ്ധസദനം.....98
'എഴുത്ത് അവകാശമാക്കിയ ഒരു മനുഷ്യൻ '.....99
Wake me up.....100
.....100
മഹാത്മാഗാന്ധി.....101
കാലമാറ്റം.....104
നഷ്ടപ്രണയം.....104
.....106
കുയിലുംകാക്കയും -കഥ.....106
A FRIEND.....108

DIGITAL PAINTING..........................................................................109
മഹദ്വചനങ്ങൾ..............................................................................110
സ്നേഹമഴ......................................................................................111
OUR PROUD MOMENTS OF 2019-20.....................................112
നന്ദിയോടെ......................................................................................113



## നന്ദിയോടെ..

ഈ അധ്യയനവർഷത്തിൽ(2019-20) , ശ്രേഷ്ഠമായ അധ്യാപനജീവിതത്തിൽ നിന്നും വിരമിക്കുന്ന ഞങ്ങളുടെ **പ്രിയപ്പെട്ട മോളി ടീച്ചറിനും സണ്ണി സാറിനും**

നന്ദി.....

ഒപ്പം സന്തോഷകരമായ വിശ്രമജീവിതത്തിന്റെ

ആശംസകളും....







## ചരിത്രവീഥിയിലൂടെ...

കോഴിക്കോട് നഗരത്തിൽ നിന്നും ഏകദേശം 38 കി.മി. അകലെ സ്ഥിതി ചെയ്യുന്ന പ്രദേശമാണ് വേനപ്പാറ.ഇരുവഞ്ഞിപ്പുഴയുടെ സമതലത്തിൽ ചരിഞ്ഞു കിടക്കുന്ന കൊച്ചു പ്രദേശം.കോഴിക്കോട് നഗരത്തിലെ ഓമശ്ശേരി പഞ്ചായത്തിലും കൂടത്തായി വില്ലേജിലുംവ്യാപിച്ചു കിടക്കുന്ന പ്രദേശമാണിത്. പൂവമ്പ്രമല,ചെങ്ങോട്ടുമല,കണ്ണങ്കോട്ടുമല,കോട്ടമല എന്നീ നാലു കുന്നുകൾക്കിടയിലാണ് ഈ ഗ്രാമം സ്ഥിതിചെയ്യുന്നത്. കോട്ടയം കോവിലകം വകയായിരുന്നു 1500 ഏക്കർ ചുറ്റളവിലുള്ള ഈ പ്രദേശം.


1944 കാലഘട്ടത്തിലാണ് വേനപ്പാറയിലേക്കുള്ള കുടിയേറ്റംആരംഭിക്കുന്നത്.ഹിന്ദു-ക്രിസ്ത്യൻ മുസ്ലിംമതവിഭാഗങ്ങളിലുള്ളവർഇടകലർന്ന്സഹവർത്തിത്വത്തോടെ താമസിക്കുന്ന മനോഹരമായ ഒരു കാർഷിക ഗ്രാമമാണിത്. ഈ മണ്ണിൽ ആദ്യകാല കുടിയേറ്റക്കാർ കനകം വിളയിച്ചു. 1953-ൽ **Fr**.അന്തോണിനൂസ് കണിയാംകുന്നേൽ, വേനപ്പാറ തിരുകുടുംബ ദേവാലയത്തിന്റെ വികാരിയായി നിയമിക്കപ്പെട്ടതോടെയാണ് ഈ പ്രദേശത്തിന്റെ വികസനം ആരംഭിക്കുന്നത്. ക്രാന്തദർശിയായ അദ്ദേഹത്തിന്റെ നിസ്വാർത്ഥമായ സേവനങ്ങളാണ് വേനപ്പാറയുടെ മുഖച്ഛായ മാറ്റി പുരോഗതിയിലേക്ക് നയിച്ചത്.

വേനപ്പാറ എന്ന കുടിയേറ്റഗ്രാമത്തിന്റെ ചിരകാല സ്വപ്നസാക്ഷാത്ക്കാരമായി 1983 ജൂൺ 15-ന് ഹോളിഫാമിലി ഹൈസ്ക്കൂൾ സ്ഥാപിതമായി. **U. P** സ്കൂളിനോട് ചേർന്നാണ് ആദ്യ കാലഘട്ടത്തിൽ ഹൈസ്ക്കൂൾ പ്രവർത്തിച്ചിരുന്നത്. ഈ കുടിയേറ്റഗ്രാമത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ഏക ആശ്രയം ഈ സ്കൂളായിരുന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി

കോടഞ്ചേരി,തിരുവമ്പാടി,കൂടത്തായി എന്നിവിടങ്ങളിലേക്ക് നടന്നു പോകണമായിരുന്നു. ഇത്തരം അസൗകര്യങ്ങൾ മറികടന്ന് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കാനുള്ള ശ്രമങ്ങളുടെ ഒരു വലിയ വിജയമായിരുന്നു ഹൈസ്കൂളിന്റെ സ്ഥാപനം.




ആത്മീയ കാര്യങ്ങളോടൊപ്പം സാമൂഹിക പരിവർത്തനം എന്ന നയപ്രകാരം ഒരു പള്ളിയ്ക്ക് ഒരു പള്ളിക്കൂടം വീതം നിർമ്മിക്കാൻ കുടിയേറ്റക്കാലത്ത് ഇവിടെയെത്തിയ ക്രൈസ്തവ പുരോഹിതർ ശ്രദ്ധിച്ചിരുന്നു.1954-ൽ സ്ഥാപിതമായ **L. P** സ്കൂൾ പിന്നീട് **U. P** സ്കൂൾ ആയി ഉയർന്നു. ഇതിന്റെ തുടർച്ചയായി 1983-ൽ ഹൈസ്കൂൾ സ്ഥാപിതമാവുകയും 2014-ൽ അത് ഹയർസെക്കന്ററി സ്കൂൾ ആയി ഉയരുകയും ചെയ്തു. താമരശ്ശേരി വിദ്യാഭ്യാസജില്ലയുടെ കീഴിൽ മുക്കം സബ്ജില്ലയിൽ ഉൾപ്പെടുന്ന സ്കൂളാണിത്.




ഓമശ്ശേരിയിൽ നിന്നും 2 കി.മി അകലെ വേനപ്പാറയിൽ, കാപ്പാട്-തുഷാരഗിരി ദേശീയ പാതയോരത്ത് ഹോളിഫാമിലി ഹൈസ്കൂൾ-ഹയർസെക്കന്ററി സ്കൂളുകൾ സ്ഥിതി ചെയ്യുന്നു. ഓമശ്ശേരി പഞ്ചായത്തിലെ നാലാം വാർഡിലാണ് ഈ സ്കൂൾ നിലനിൽക്കുന്നത്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശം കൂടിയാണിത്.


പട്ടികജാതി-പട്ടികവർഗ്ഗ കോളനികളും,2 ബാലമന്ദിരങ്ങളും ഈ ഗ്രാമത്തിലുണ്ട് . ഇവരുടേയും കൂടി വിദ്യാഭ്യാസാവകാശങ്ങൾ സാക്ഷാത്കരിക്കുക എന്ന ലക്ഷ്യമാണ് സ്കൂൾ സ്ഥാപനത്തിന് പിന്നിലുള്ളത്.

**മോളി ജോസഫ്**





## കല്പവൃക്ഷം



കേരവൃക്ഷ നിരകളേ,നിങ്ങൾ
കേരളത്തിൻ അരുമക്കിടാങ്ങൾ!
തോളിൽ പീയൂഷകുംഭങ്ങൾ താങ്ങി
ഭൂതകാല സ്മരണയിൽ മുങ്ങി,
പീലിനീർത്തിയിളം കാറ്റിലാടി-
ച്ചേലിൽക്കാണികൾക്കാനന്ദമേകി,
വേനൽച്ചൂടിൽ കുളിരു പടർത്തി,
വേലിതോറുമഴകുവളർത്തി,
മാനത്തോളം പ്രശസ്തിയുയർത്തി
മാതൃഭൂമി തൻമനം വളർത്തി
മിന്നും കേരതരുക്കളേ നിങ്ങൾ-
തന്നെ നാടിൻ വിജയധ്വജങ്ങൾ!



വൈഷ്ണവി യൂ.എം

# GOD

**God is great**
**All praise to him**
**His creation is a miracle**
**How wonderful, splendid**
**Oh lord!**
**May I know the right and do it**
**May I know the wrong and never do it**
**Give me the wisdom to discern**
**And strength to do they will....**

Saiba G.K



## PANACEA

The young world is a dilemma
They know not where they head forth
Happiness in fact there is every where
But we hardly notice it for sure
The new gen seems to be castaway
The day advances day by day
All the more it does, we live in dismay
It seems that there is but one remedy
Back to the old paradigm – "Reading make an example man"

Adorn John VIII A



# പെൻസിൽ ഡ്രോയിംഗിന്റെ മായികക്കാഴ്ചകളിലൂടെ..............
















# വർണ്ണ വിസ്മയം









# വേര്

ആരുമല്ല നീ എനിക്കെങ്കിലും
നിൻ നിഴലായി ഞാൻ മാറി
തണുത്ത സ്പർശം
ഞാനനുഭവിച്ചു
ആ തണുപ്പ്
എന്റെവേരുകളിലായിരുന്നു.




എന്നാത്മാവിൻവേരുകളെ
ദൃഢതയോടാലിംഗനം
ചെയ്തു നീ.
അറിഞ്ഞില്ല എന്നു ഭാവിച്ചു ,എങ്കിലും
സ്നേഹത്തിൻ ദുഗ്ധം ചുരത്തിയെൻ
നെഞ്ചകം

അലസമായിഎന്നിൽ കിടന്ന
രൂപങ്ങളില്ലാത്ത അക്ഷരങ്ങളെ
ഉള്ളിൽ നിറച്ചു നീ ജീവനേകി
ഞാനറിയാതെ എൻ_ശ്രുതിയായി നീ മാറി

വെട്ടം കാണാതെ പോയ എൻ ഹൃത്തിൽ
ഉത്ഥിതമായൊരാത്മാവിനെ കണ്ടെത്തി നീ
ദൂരങ്ങളെത്ര ഞാൻ താണ്ടി
എന്നാത്മശിഖരത്തെ തേടി

നിൻ സാന്ത്വനമെന്നെ പുണർന്നപ്പോൾ
ജലരേഖ പോൽ നിന്നിലലിഞ്ഞു ഞാൻ
ആത്മവേദന കൊണ്ടെന്നാത്മാവ് കേഴുമ്പോൾ
അറിയുന്നു നീയെന്റെ ജീവന്റെ അംശമെന്ന്

കാത്തിരിപ്പിന്റെ കാലചക്രം ചവിട്ടി
കാലങ്ങളത്രയും ഞാൻ കാത്തിരിക്കും
നിനക്കായി . ....നിനക്കായി.



**സിമി ഗർവാസിസ്**

**അധ്യാപിക**

# ഒരു കൊച്ചു ശാസ്ത്രം

കുട്ടന്റെ സ്കൂളിൽ ശാസ്ത്രമേള ആയിരുന്നു.കുട്ടന്റെ തലയിലാകട്ടെ ഐഡിയകളൊന്നും വരുന്നില്ല. പതിനെട്ടടവുകൾ തപ്പിയിട്ടും ഒരു കാര്യവും പിടിവരുന്നില്ല. ശാസ്ത്രമേള ആയത് കൊണ്ട് എല്ലാവർക്കും പായസം ഉണ്ടെന്ന് ഹെഡ്മാസ്റ്റർ അറിയിച്ചു.
അതിനാൽ എല്ലാവരും ഗ്ലാസ് കൊണ്ടുവരണം. കുട്ടൻ തന്റെ കയ്യിലെ ഗ്ലാസെടുത്ത് ഇത്തിരി വെള്ളം കുടിക്കാമെന്ന്




കരുതി. വെള്ളം ഗ്ലാസിൽ ഒരു ചട്ടകൊണ്ട് മൂടിവെച്ചു. കുട്ടൻ അറിയാതെ ഗ്ലാസ് താഴ്ത്തിപ്പോയി. അത്ഭുതം! ചട്ടക്കടലാസ് വീണതുമില്ല.വെള്ളം താഴേക്ക് പോയിട്ടുമില്ല.ഇതുതന്നെ ബുദ്ധി. ശാസ്ത്രമേളയ്ക്ക് ഈ ബുദ്ധി പ്രയോഗിച്ചു.ആർക്കും ഈ വിദ്യ മനസ്സിലായില്ല. അങ്ങനെ കുട്ടൻ ശാസ്ത്രമേളയിലെ താരമായി.നിരവധി സമ്മാനങ്ങൾ ലഭിച്ചു.

**കൂട്ടുകാരെ, ഇത് എങ്ങനെ സംഭവിച്ചു എന്ന് അറിയാമോ?അന്തരീക്ഷ വായു ചട്ടയിൽ പ്രയോഗിച്ച ബലം മൂലമാണ് ചട്ട താഴേക്ക് വീഴാത്തതും വെള്ളം പുറത്ത് പോവാത്തതും.**



**സാൽഹ ഷമീർ**
**X A**

## ഒരു അയനം



അമ്മയുടെ ഗർഭപാത്രത്തിൽ നിന്നും
ഭൂമിയിലേക്ക് വന്ന നിമിഷം മുതൽ
അലക്ഷ്യമായി,എന്റെ യാത്ര ആരംഭിച്ചു
ശൈശവത്തിന്റെ നൈർമല്യവും
ബാല്യത്തിന്റെ നിഷ്കളങ്കതയും വിട്ടെറിഞ്ഞ്
സ്രഷ്ടാവായ ദൈവത്തിൽ നിന്നും,
ജീവിതത്തിലെ കയ്പും മധുരവും നുകർന്ന്
അനന്തമായ വഴികളിൽകൂടി ഞാൻ നടന്നു.
സ്നേഹത്തിൻേറയും,നിഗൂഢതയുടേയും,
ക്രൂരതയുടേയും എത്രയോമുഖങ്ങളാൽ
ആകർഷിക്കപ്പെടാതെ ഏകാന്തതയിലേക്ക്
ഞാൻ പോയി.
പിന്നെ എപ്പോഴോ........
ജീവിതത്തിന്റെ സായാഹ്നത്തിൽ
എന്റെലക്ഷ്യത്തെക്കുറിച്ച്,ഞാനറിഞ്ഞു.
എന്നിലെ മോഹങ്ങളുടെ ചിറകുമുളച്ചു
പക്ഷെ അപ്പോഴേക്കും അകലെ
സൂര്യനസ്തമിച്ച് കഴിഞ്ഞിരുന്നു.
ചിറകുകരിഞ്ഞ സ്വപ്നങ്ങളുമായി
അനന്തവിഹായസ്സിലേക്ക്ഞാൻ
പറന്നുയർന്നു കഴിഞ്ഞിരുന്നു.



# വിദ്യാർത്ഥികളുടെ കരവിരുത്












REDMI NOTE 7 PRO
AI DUAL CAMERA


REDMI NOTE 7 PRO
AI DUAL CAMERA


REDMI NOTE 7 PRO
AI DUAL CAMERA


REDMI NOTE 7 PRO
AI DUAL CAMERA










REDMI NOTE 7 PRO
AI DUAL CAMERA



# എൻെറ ഗ്രാമം

എൻെറ സ്വന്തം ഗ്രാമം
പച്ച വിരിച്ചെൻ ഗ്രാമം
നീലപുഴകൾ ഒഴുകിനടക്കും
എൻെറ സുന്ദര ഗ്രാമം
മരങ്ങൾ പൂക്കൾ നിറഞ്ഞു നിൽക്കും
എൻെറ സ്വന്തം ഗ്രാമം
കുന്നും മലയും നീർത്തോടുകളും
നിറഞ്ഞ സുന്ദര ഗ്രാമം
പച്ച വിരിച്ച വയലേലകളും
കുളിർ ചൊരിയും അരുവികളും
മഴവിൽ വർണ്ണ പക്ഷികളും
പാറി നടക്കും ഗ്രാമം
ഞാൻ വസിക്കുമെൻ ഗ്രാമം
ഞാൻ വളർന്നെരെൻ ഗ്രാമം
എൻെറ സ്വന്തം ഗ്രാമം
സുന്ദര സുരഭില ഗ്രാമം





നിഹാല അഷറഫ്
X A

## ചിറകൊടിഞ്ഞ സ്വപ്നം -കഥ

അരുൺ ഒരു സാധാരണ കുടുംബത്തിലെ കുട്ടിയാണ്. അവൻ ആരോടും അത്ര മിണ്ടുന്നവനായിരുന്നില്ല. അവൻ ഒരേ ഒരു കൂട്ടുകാരിയേ ഉണ്ടായിരുന്നുള്ളൂ ക്ലാര. അവൾ അവനെ അറിയാൻ ശ്രമിച്ചു. എല്ലാവരും അവൻ മിണ്ടാത്തവനാണെന്നു പറഞ്ഞപ്പോൾ അവൾ അവനെ മിണ്ടിക്കുന്നതിനായി പരിശ്രമിച്ചു.
അരുണിനൊരാഗ്രഹമുണ്ടായിരുന്നു. ആകാശത്തിലൂടെ പറന്നുയരുന്ന വിമാനം ഉണ്ടാക്കണം.  ഒരു ചെറിയ വിമാനം. ചെറുപ്പം മുതലേ അവൻ ശാസ്ത്ര രംഗത്ത് വളരെ മിടുക്കനായിരുന്നു. അവനെ ഏറ്റവുമധികം പ്രോത്സാഹിപ്പിച്ചിരു
ന്നത് അവന്റെ അമ്മയായിരുന്നു. എന്നാൽ അവന്റെ എട്ടാം വയസ്സിൽ അമ്മ അവനോട് വിട പറഞ്ഞു. അതവനൊരു തീരാസങ്കടം സമ്മാനിച്ചു. പിന്നെ അവനുണ്ടായിരുന്നത് കൂട്ടുകാരി ക്ലാര മാത്രമായിരുന്നു. അവൾ അവനെ ഏറെ പ്രോത്സാഹിപ്പിച്ചു. അച്ഛൻ മുഴുകുടിയനായിരുന്നു. അച്ഛന് അവനെ ഇഷ്ടമില്ലായിരുന്നു. അവൻ വിമാനത്തെക്കുറിച്ച് പഠിക്കാനാഗഹിച്ചു. എന്നാൽ അതിനുള്ള സാഹചര്യമോ പണമോ അവനില്ലായിരുന്നു. അച്ഛന്റെ കഠിനപീഠനം സഹിക്കവയ്യാതെ അവൻ വീടുവിട്ടിറങ്ങി. ബാഗ്ലൂരിൽ  എത്തി. അവിടെ അവന് പുതിയ കൂട്ടുകെട്ടുകൾ ലഭിച്ചു. അവൻ അവിടെ വീട്ടുജോലി ചെയ്തു. പല വീടുകളിലും കയറിയിറങ്ങി. അവൻ സ്ഥിരമായി ഒരു വീട്ടിൽ ജോലി ചെയ്യാറുണ്ടായിരുന്നു. ഡേവിഡ് എന്ന അറിയപ്പെട്ട ശാസ്ത്രജ്ഞന്റെ വീട്ടിൽ. അദ്ദേഹം ഒരു വാനശാസ്ത്രജ്ഞൻ കൂടിയായിരുന്നു. അവൻ ഒരു ദിവസം ജോലി ചെയ്യുന്ന സമയത്ത് ആ വീട്ടിൽ നിന്ന് അവന്

വിമാനത്തെക്കുറിച്ചുള്ള കുറെ വിവരങ്ങൾ അടങ്ങിയ ഫയൽ ലഭിച്ചു. അവനു മനസ്സിലായി അദ്ദേഹത്തോടൊപ്പം നിന്നാൽ തന്റെ സ്വപ്നത്തിലെത്തിച്ചേരാമെന്ന്. അവൻ അദ്ദേഹത്തോട് കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം ഒരു വിമാനം തകർന്നതിന്റെ സങ്കടത്തിലായിരുന്നു. എന്നാൽ അവന്റെ താത്പര്യം കണ്ട് അദ്ദേഹം ഒരു പുതിയ വിമാന നിർമ്മാണത്തിലേർപ്പട്ടു. അവിടെ അവന് വിമാന നിർമ്മാണത്തിൽ പങ്കാളിയാക്കി. അവൻ വിമാനത്തെക്കുറിച്ച് ഏകദേശം ധാരണയായി. വിമാനം ഉണ്ടാക്കാൻ അവൻ തീരുമാനിച്ചു. അവൻ ബാഗ്ലൂരിൽ നിന്നുടനെ നാട്ടിലെത്തി. വിമാന നിർമാണത്തിനാവശ്യമായ സാമഗ്രികൾ അവൻ കണ്ടെത്താൻ ആരംഭിച്ചു. ഇതറിഞ്ഞ ക്ലാര അവനെ സഹായിക്കാൻ തുടങ്ങി. അവൾ മുഖേന അവർക്ക് പല സാധനങ്ങളും ലഭിക്കാൻ തുടങ്ങി. ക്ലാരയും അവനും അവരുടെ സ്വപ്നങ്ങളെ ആകാശത്തിലേക്കു പറത്താൻ തയ്യാറാകുന്നു. അവൻ ഒരു മലയുടെ മുകളിൽ വച്ചു. എല്ലാവരോടും തന്റെ  വിമാനം നാളെ ഉയർത്തുമെന്ന് പറഞ്ഞു നടന്നു. അവർ എല്ലാം തയ്യാറാക്കി. അന്നു രാത്രി അവന് സന്തോഷത്തിന്റെ രാത്രിയായിരുന്നു. അത്രയും സന്തോഷം അവനിതുവരെ ഉണ്ടായിട്ടില്ല. അവൻ തന്റെ വിമാനം ആകാശത്ത് പറന്നുയരുന്നതും കിനാവ് കണ്ട് ഉറങ്ങി. ആ കിനാവിൽ ലോകം മുഴുവൻ അവനെ അഭിനന്ദിക്കുകയായിരുന്നു. അവൻ ഉറങ്ങി സംതൃപ്തിയോടെ. പക്ഷേ വിധി മറിച്ചായിരുന്നു. അന്ന് രാത്രി മേഘങ്ങൾ കഠിനമായി വർഷിച്ചു. പലയിടങ്ങളിലും ഉരുൾപൊട്ടി. അവൻ വിമാനം വച്ചിരുന്ന മലയും പൊട്ടി. അതോടൊപ്പം അവന്റെ സ്വപ്നവും പൊട്ടി തകർന്നു.




അനഘ പി പി

# NATURE OUR MOTHER

The nature is a gift of god to the human beings. Nature is our mother who gives us oxygen for our life. The mother is just like the part of our body. If there is no nature, no human beings. The natural wonder of world is so amazing and truly beautiful. There are lot of waterfalls, forests, rivers, island and hills. The Everest is one of the greatest gift of God.

The nature protects human beings and also the animals. But now the nature is in danger. Now a days human beings cut trees for their comfort in the earth. If we destroy the trees, we should plant more trees than we cut. Look at the nature in your surrounding and see how beautiful they are. Try to love the nature and protect the nature. Nature should be here for ever. So practice to love the nature. If a man die we can make a Robort. If a horse die we can make a vehicle. But the nature die we cannot make an artificial one. Destroying nature is just like destroying ourselves. So plant trees. So that the next generation can live comfortably in this world.



**Christa ann mannuel**



## പുളിയുടെ രസതന്ത്രം

ആസിഡുകൾക്ക് പുളിരുചിയാണ്. നാരങ്ങ, ഓറഞ്ച്, മുന്തിരി, മാങ്ങ, പുളി, തക്കാളി എന്നിവക്കെല്ലാം പുളിരുചിയാണ്. തീർച്ചയായും ഈ പദാർത്ഥങ്ങളിൽ അടങ്ങിയിരിക്കുന്ന ആസിഡുകൾ ആണ് പുളിരുചിക്കടിസ്ഥാനം. ചില പഴവർഗങ്ങളിൽ ഒന്നിലതികം ആസിഡുകൾ അടങ്ങിയിട്ടുണ്ട്. ഏതാനും പദാർത്ഥങ്ങളും അവയിലടങ്ങിരിക്കുന്ന ആസിഡുകളും പരിചയപ്പെടാം.

മുന്തിരി ................................ ടാർടാറിക് ആസിഡ്
തക്കാളി .............................. ഓക്സാലിക് ആസിഡ്
ഓറഞ്ച് ................................ സിട്രിക് ആസിഡ്
ആപ്പിൾ ................................ മാലിക് ആസിഡ്
മാങ്ങ ..................................... മാലിക് ആസിഡ്
നെല്ലിക്ക .............................. സിട്രിക് ആസിഡ്
വിനാഗിരി ............................ അസറ്റിക് ആസിഡ്
നാരങ്ങ ................................. സിട്രിക് ആസിഡ്
എണ്ണ ..................................... സ്റ്റിയറിക് ആസിഡ്
പുളി ....................................... ടാർടാറിക് ആസിഡ്
തൈര്..................................... ലാക്ടിക് ആസിഡ്
സോഡ .................................. കാർബോണിക്കാസിഡ്
പാൽ ..................................... ലാക്ടിക് ആസിഡ്
പ്രോട്ടീൻ ................................ അമിനോ ആസിഡ്
കൃത്രിമ പാനീയങ്ങൾ........ ഫോസ്ഫോറിക് ആസിഡ്



സണ്ണി ജോസഫ് –
അധ്യാപകൻ

## നല്ലപാഠത്തിന്റെ ചരിത്രത്താളുകളിലേയ്ക്ക്........



## പ്രളയം-- ഒരോർമ്മക്കുറിപ്പ്

2018,2019. വർഷങ്ങളിൽ മലയാളമനസ്സിനെ തകർത്തു കൊണ്ട് അവൻ വന്നു. പ്രകൃതിരമണീയമായ മലനാടിനെ തകർത്തെറിഞ്ഞ് അവൻ കളിയാടി. അവന്റെ കുസൃതിയിൽ നൂറുകണക്കിന് ജീവനുകൾ പൊലിഞ്ഞു. പ്രാർഥനയോടെ ദുരിതാശ്വാസ ക്യാമ്പിൽ അവർ തള്ളിനീക്കി. ഉരുൾപൊട്ടൽ പാഞ്ഞൊഴുകി.ഒഴുക്ക് കണ്ട് രസിച്ചാണോ
എന്നറിയില്ല പല ജീവനും അതിലൂടെ ഒഴുകി.ദുരിതത്തിൽ പെട്ട മനുഷ്യരുടെ കരച്ചിൽ കാതിൽ മുഴങ്ങി.പതിനാലുജില്ല കളിൽ പകുതിയും വെള്ളത്തിൽ മുങ്ങി.ഇനിയും അവന്റെ കുസൃതികൾ നമ്മുടെ നാട്ടിൽ കളിയാടാതിരിക്കട്ടെ.

ധനുശ്രീ പി.
**x B**



# ഞാവൽ

ഭാരതത്തിൽ അധികവരൾച്ചയുള്ള പ്രദേശങ്ങളൊഴികെയുള്ള പ്രദേശങ്ങളിലും പ്രധാനമായും ഡൽഹി,ഉത്തർപ്രദേശ്,കേരളം എന്നിവിടങ്ങളിൽ കണ്ടുവരുന്ന ഒരു നിത്യഹരിതവൃക്ഷമാണ് ഞാവൽ.മിർട്ടേസി സസ്യകുടുംബത്തിൽ ഉൾപ്പെടുന്ന ഞാവലിന്റെ ശാസ്ത്രീയനാമം **syzxgium camini** എന്നാണ്. 25 മീറ്റർ വരെ ഉയരത്തിൽ വളരുന്ന കുടയുടെ ആകൃതിയിലുള്ള ഇല ചാർത്തോടു കൂടിയുള്ള മരത്തിന്റെ ശാഖോപശാഖകൾ തടിയുടെ 5 മുതൽ 8 മീറ്റർ വരെ ഉയരത്തിൽ നിന്നും ആരംഭിക്കുന്നു



ജനുവരിയിൽ പൂത്തുല്ലസിക്കുന്ന മരം ജൂൺ മാസത്തിൽ പഴങ്ങൾ നല്കിത്തുടങ്ങും. കടും വയലറ്റ് വർണ്ണത്തോടെ നിറഞ്ഞ പഴങ്ങളുമായി നിൽക്കുന്ന മരം ഒട്ടനവധി പക്ഷിമൃഗാദികളെ ആകർഷിക്കുന്നു. മനുഷ്യനു ഭക്ഷ്യ യോഗ്യമായ ഈ ഞാവൽ പഴങ്ങൾ ഇരുമ്പുസത്തിന്റെ ഉറവിടം ആണ്.ഗൃഹവൈദ്യത്തിൽ പ്രമേഹം ശമിപ്പിക്കുന്ന ഔഷധമായി ഉപയോഗിക്കുന്നു. സാമാന്യം കടുപ്പമുള്ള തടി വ്യാവസായിക ആവശ്യങ്ങൾ, ഗൃഹോപകരണ നിർമ്മാണം എന്നിവയ്ക്കായി വ്യാപകമായി ഉപയോഗിക്കുന്നു



ധാരാളം ഇലകളാൽ സമൃദ്ധമായ ഈ നിത്യ ഹരിത വൃക്ഷം കേരളത്തിലെ ഏതൊരു ഭൂപ്രദേശത്തും തണൽ വൃക്ഷമായി നട്ടു വളർത്താം.



Laisamma K John

അധ്യാപിക

# അവസാനത്തെ ഉമ്മ

ഇരുട്ട് കയറി വന്ന ആ സന്ധ്യയിൽ മാളവിക തനിച്ചായിരുന്നു.ഇടിയും മിന്നലും കൂടിയ മഴ. അവൾ അമ്മയെ കാത്തിരുന്നു മടുത്തു. വെളിച്ചമില്ലാത്ത ഒരു ഇരുട്ടു മുറിയിൽ അവൾ തനിച്ചായിരുന്നു.വെളിച്ചത്തിനായി മണ്ണെണ്ണ വിളക്ക് കത്തിക്കുവാൻ അവൾക്ക് അറിയില്ലായിരുന്നു.അരിയും സാധനങ്ങളും വാങ്ങാൻ പോയ മാളവികയുടെ അമ്മ കുട എടുത്തില്ലായിരുന്നു.

വണ്ടികൾ തിരക്കിട്ട് പായുന്നു.മഴ പോവാൻ നിൽക്കാതെ മാളവികയെ ഓർത്തു കൊണ്ട് അമ്മ മെല്ലെ നടന്നു തുടങ്ങി.മഴ നനഞ്ഞതു കാരണം ഒരു വണ്ടിയും





നിർത്തിയില്ല.അമ്മ സങ്കടതോടെ തിരിഞ്ഞു നടന്നു.ഒരു ബോധവുമില്ലാതെ മഴ നനഞ്ഞ് റോഡിലൂടെ അവർ നടന്നു.ചീറിപ്പാഞ്ഞുവന്ന ലോറി അവരെ ഇടിച്ചു തെറുപ്പിച്ചു.കണ്ടു നിന്ന ആളുകൾ ഓടി അടുത്തെത്തി.ഉടനെ പോലീസിനെ വിവരം അറിയയിച്ചു.അപ്പോൾ രാത്രി 10 മണി ആയിരുന്നു.ആശുപത്രിയിൽ എത്തുന്നതിനു മുമ്പുതന്നെ അമ്മ മരണപ്പെട്ടിരുന്നു.അമ്മയെ കാണാതെ അലറുന്ന പിഞ്ചു മകളുടെ കരച്ചിൽ നാടാകെ പടർന്നു.എല്ലാവരുംഓടിയെത്തി.എന്താണെന്ന് എല്ലാവരും ഒറ്റ വാക്കിൽ ചോദിച്ചു.മറുപടി പറയാൻ മാളവികക്ക് കഴിഞ്ഞില്ല.രാവിലെ ആംബുലൻസിൽ അമ്മയെയും കൊണ്ട് വരുന്ന പോലീസുകാരെ കണ്ടു മാളവിക ഞെട്ടി.അമ്മ മരിച്ചു എന്ന ദുഃഖവാർത്ത കേട്ട് മാളവിക തളർന്നു പോയി.അമ്മയുടെ അടുത്തേക്ക്കരഞ്ഞുകൊണ്ട് അവൾ ഓടിച്ചെന്നു.നെറ്റിയിൽ ഒരു ഉമ്മ കൊടുത്തു.അത് അവസാനത്തെ ഉമ്മയായിരുന്നു.മകളെ ഒരു നോക്ക് കാണാതെ ആ അമ്മ യാത്രയായി.



ഫാത്തിമ 9 B

# DIGITAL POOKKALAM







# ലിറ്റിൽ കൈറ്റ്സ് പദ്ധതി

സംസ്ഥാന വിദ്യാലയങ്ങൾ പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിലൂടെ ഹൈടെക് ആകുമ്പോൾ വിദ്യാലയങ്ങളുടെ പരിപാലനത്തിനും ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനുംവിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനവും ഫലപ്രദമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായി സാങ്കേതികവൈദഗ്ധ്യമുള്ള ഒരു സംഘം കുട്ടികളെ വിദ്യാലയത്തിൽ തന്നെ സജ്ജരാക്കുന്നതിന് ആരംഭിച്ച 'ലിറ്റിൽ കൈറ്റ്സ് 'എന്ന പദ്ധതി 2018 ജനുവരി 22 ന് ബഹു. കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഹൈടെക് സംവിധാനത്തിൽ പഠനപ്രവർത്തനങ്ങൾ കൂടുതൽ സാങ്കേതികവിദ്യാ അധിഷ്ഠിതമാകുന്നതോടെ അധ്യാപകർക്കൊപ്പം പ്രവർത്തനങ്ങളുടെ നിർമ്മിതിയിലും നടത്തിപ്പിലും വിദ്യാർത്ഥികളും പങ്കാളികളാകുന്നത് ഉചിതമായിരിക്കും.അത് സാധ്യമാകണമെങ്കിൽ

ഉപകരണങ്ങളുടെ സജ്ജീകരണത്തിലും വിഭവങ്ങളുടെ നിർമ്മാണത്തിലും സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു സംഘം

കുട്ടികൾ വിദ്യാലയത്തിൽതന്നെ സജ്ജരാകേണ്ടതുമുണ്ട്. കേരളത്തിലെ പുതിയ തലമുറയിൽ വലിയ ഒരു വിഭാഗംവിവരവിനിമയ സംവേദന ഉപകരണങ്ങളെ ഉപയോഗിക്കുന്നവരാണെങ്കിലും ഈ രംഗത്ത് താൽപര്യവും അഭിരുചിയും ഉള്ളവരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന് ബോധപൂർവ്വമായ ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു. കുട്ടികൾ അവർ ദൈനംദിനം കാണുകയും ഉപയോഗിക്കുകയും പരിചരിക്കുകയും ചെയ്യുന്ന ഇന്റെർനെറ്റ്, മൊബൈൽ ആപ്പുകൾ, സോഫ്റ്റ്വെയറുകൾ, ആനിമേഷനുകൾ, ഗെയിമുകൾ തുടങ്ങിയവ എങ്ങനെ പ്രവർത്തിക്കുന്നു എന്നതും എങ്ങനെ നിർമ്മിക്കപ്പെട്ടു എന്നതും പുതിയ ലോകത്തിന്റെ ശാസ്ത്രാന്വേഷണപരിധിയിൽ വരേണ്ടവ തന്നെയാണ്.

മേൽപറഞ്ഞ സാഹചര്യങ്ങളും ആവശ്യങ്ങളും മുന്നിൽകണ്ട്, വിവരവിനിമയ സാങ്കേതികവിദ്യയിൽ അഭിരുചിയും കഴിവുമുള്ള കുട്ടികളുടെ ഒരു സംഘം വിദ്യാലയങ്ങളിൽ രൂപപ്പെടുത്തിയെടുക്കുന്നതിനുള്ള ശ്രമമാണ് 'ലിറ്റിൽ കൈറ്റ്സ്.

**ലക്ഷ്യങ്ങൾ:-വിവരവിനിമയ സാങ്കേതികവിദ്യാരംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താത്പര്യത്തെ പരിപോഷിപ്പിക്കുക.**

- **സാങ്കേതികവിദ്യയും സോഫ്റ്റ് വെയറുകളും ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മൂല്യങ്ങളും സംസ്കാരവും അവയിൽ സൃഷ്ടിച്ചെടുക്കുക.**
- **വിവരവിനിമയ വിദ്യാസങ്കേതങ്ങൾ ആഴത്തിലും പരപ്പിലും സ്വായത്തമാക്കാനുള്ള സാഹചര്യം കുട്ടികൾക്ക് ഒരുക്കുക.**
- **വിദ്യാലയങ്ങളിലെ സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗവും നടത്തിപ്പും പരിപാലനവും കാര്യക്ഷമമാക്കുന്നതിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുക.**
- **സുരക്ഷിതവും യുക്തവും മാന്യവുമായ ഇന്റെർനെറ്റ് ഉപയോഗം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക.**
- **പഠനപ്രക്രിയയിൽ ഉപയോഗിക്കാവുന്ന ഡിജിറ്റൽ ഉൽപന്നങ്ങൾ നിർമ്മിക്കുക.**
- **കൂട്ടായ്മയിലൂടെയുള്ള പ്രവർത്തനത്തിലൂടെ നേതൃപാടവവും, സഹകരണ മനോഭാവവും വളർത്തുക.**
- **വിവരവിനിമയ സാങ്കേതികവിദ്യയുടെ നവീന മേഖലകൾ പരിചയപ്പെടാൻ കുട്ടികൾക്ക് അവസരമൊരുക്കുക.**

**പഠനമേഖലകൾ:-**

- **ഹൈടെക് ഉപകരണങ്ങളുടെ ശരിയായ ഉപയോഗരീതിയും പരിപാലനവും പ്രശ്നനിർദ്ധാരണവും.**
- **ഭാഷാകമ്പ്യൂട്ടിങ് സങ്കേതങ്ങൾ.**
- **ഗ്രാഫിക്സ്, മൾട്ടിമീഡിയ സോഫ്റ്റ്‌വെയറുകളും അവയുടെഉൽപ്പന്നങ്ങളും.**
- **ഡോക്യുമെന്റേഷൻ**
- **വിക്ടേഴ്സ് ചാനലിലേക്ക് പ്രോഗ്രാമുകൾ തയ്യാറാക്കൽ.**

- കമ്പ്യൂട്ടർ പ്രോഗ്രാമിംഗ്, എത്തിക്കൽ ഹാക്കിങ് എന്നിവ.
- ഇലക്ട്രോണിക്സും അപ്ലൈഡ് കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങും.
- മൊബൈൽ ആപ്പുകളും ആപ്പ് നിർമാണ സോഫ്റ്റ് വെയറുകളും.
- ഇന്റെർനെറ്റ് നൈതികതയും സൈബർ സുരക്ഷയും.

വിവരവിനിമയ സാങ്കേതികവിദ്യാ ലോകത്ത് വിവരങ്ങളുടെ കുത്തൊഴുക്കിൽ ചുറ്റും കാണുന്ന സാങ്കേതിക നിർമ്മിതികൾ എങ്ങനെ ഉണ്ടാക്കപ്പെട്ടു എന്ന അന്വേഷിക്കുവാനുള്ള ആകാംക്ഷ പോലും നമുക്ക് നഷ്ടപ്പെടുന്നുണ്ട്. ചുറ്റുപാടും കാണുന്നതെല്ലാം എങ്ങനെയുണ്ടായി എന്നോ അവ എങ്ങനെ പ്രവർത്തിക്കുന്നതെന്നു എന്നോ ഉള്ള അന്വേഷണമാണ് ശാസ്ത്രാവബോധം വളർത്തുന്നത് എന്നതും നമുക്കിവിടെ ഓർമ്മിക്കാം. ഇത്തരത്തിൽ സോഫ്റ്റ്‌വെയറുകളും ഇൻറർനെറ്റും ഉപയോഗിക്കുമ്പോൾ ഉത്തരവാദിത്വമുള്ള സാമൂഹ്യ ജീവി എന്നനിലയിൽ പാലിക്കേണ്ട കടമകളും ആർജിക്കേണ്ട മൂല്യബോധവും പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നത് 'ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബിന്റെ ആത്യന്തികമായ ലക്ഷ്യമാണ് .





ഷേർളി മാത്യു
ലിറ്റിൽ കൈറ്റ് മാസ്റ്റർ



# സമൂഹത്തെ കാർന്നു തിന്നുന്ന ലഹരി

ലഹരിയുടെ ഉപയോഗം ഇന്ന് നമ്മുടെ സമൂത്തിൽ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. മാധ്യമങ്ങളിലെല്ലാം ഓരോ ദിവസവും നിറഞ്ഞു നിൽക്കുന്ന ജീവിത ദുരന്തങ്ങൾക്കെല്ലാം കാരണം മദ്യം മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കൾ തന്നെയാണ്. വർഷംതോറും ലഹരിയുടെ ഉപയോഗം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഓരോ വാർത്തയിലും വില്ലനായി വരുന്നത് ലഹരിവസ്തുക്കൾ തന്നെ. സമൂഹത്തിലെ ഭൂരിഭാഗം യുവജനങ്ങളും ഇത്തരം ആസക്തികളെ ഫാഷനായി കണ്ടുകൊണ്ട് പ്രവർത്തിക്കുന്നു. നന്മയുടെ നല്ല നാളെകളെ വാർത്തെടുക്കേണ്ട യുവതലമുറ നാശത്തിലേക്ക് കൂപ്പുക്കുത്തിക്കൊണ്ടിരിക്കുന്നു. ഇവിടെ ജീവിതം നരകമായി മാറുന്നു. തിന്മകൾ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോഴും നന്മയുടെ ചെറുനാളങ്ങൾ പ്രകാശിക്കുന്നുണ്ടെന്ന് മറ്റു ചില വാർത്തകൾ ഓർമ്മിപ്പിക്കുന്നു. നന്മയുടെ ഇത്തിരി വെട്ടം അണഞ്ഞു പോയിട്ടില്ല എന്ന്നമുക്കാശ്വസിക്കാം.



തിന്മകളെ ഇല്ലാതാക്കി , നന്മയിൽ വളരുന്ന ഒരു സമൂഹത്തിന്റെ സ്രഷ്ടാക്കളാകാൻ നമുക്ക് കൂട്ടായി, ഉറക്കെ ചിന്തിക്കാം .



ഹിബ ഷെറിൻ എ. കെ

## ഗാന്ധി സൂക്തങ്ങൾ

അക്രമം

* "എത്ര ന്യായമായ കാര്യമാണെങ്കിലും അക്രമത്തിന്റെ മാർഗം ഉപയോഗിക്കുന്നത് ശരിയല്ല"

അധ്യാപകൻ

* "ഒരു വിദ്യാർത്ഥിക്ക് കിട്ടാവുന്ന ഏറ്റവും നല്ല പാഠ പുസ്തകം അധ്യാപകൻ ആയിരിക്കും"

ആഹാരം

* "വിശക്കുന്നവന്റെ ആഹാരമാണ് ഈശ്വരൻ"

ജോലി

* "ഏത് ജോലിയുംവിശുദ്ധമാണ്"

സ്നേഹം

* "സ്നേഹമില്ലാത്ത ജീവിതം മരണത്തിന് തുല്യമാണ്"

സേവനം

* "സേവനത്തിന്റെ പ്രതിഫലം സേവനം തന്നെയാണ്"



-സുൽത്താന

XB

# A Teacher

Teacher is a builder, builder of a nation. We celebrate 5th september as teachers day to commorate the former president India
Dr. Radha Krishnan who was a good father, an educationalist, a thinker and a greater phylospher.

There is a wise saying about teacher "A good teacher explain, a best teacher demonstrates."
we all are very lucky to have great teachers to teach us. The teacher will continue the students community to lead a rightious life






**Mubarka Thasniya 10 A**

# *The miracle of friendship*

You don't  know how it happens or when
it starts
But the happiness it bring
you always
gives a special lift.
Thank you realize that
friend ship is
one of gods precious gift.



**Saiba G.K**

**10 A**



# Beautiful Sayings

**shakespeare's hearty line;**

**I cried when i have no shoes**

**but**
**stopped crying when crying when I saw a man without legs"**

**Bill gates says once:-**
**"I will choose a lazy person to do difficult job because definitely he will find an easy way to do it."**

**Stunning word from respected A P J Abdul Kalam :-**
**"Good decision, come from experience . But experience. But experience come from bad decision."**

**Beautiful word from Shakespeare:-**
**"Listen to your enemy's speech.... because your mistakes are well known by your enemy only."**



**Nasrin x A**

# ജൂനിയർ റെഡ്ക്രോസ്സ്

അന്തർദേശീയ റെഡ് ക്രോസ്സ് സൊസൈറ്റിയുടെ ഉദാത്തമായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും യുവതലമുറയിൽ സേവന സന്നദ്ധത, സ്വഭാവ രൂപീകരണം,ദയ,സ്നേഹം ആതുര ശുശ്രൂഷ,വിദ്യഭ്യാസ പ്രചരണം എന്നീ ഉത്കൃഷ്ടാദർശങ്ങൾ രൂഢമൂലമാക്കുന്നതിനും വേണ്ടി രൂപവത്കരിച്ച ഒരു സംഘടനയാണ് ജൂനിയർ റെഡ്ക്രോസ്സ്. ഇതു തികച്ചും ജാതി, മത, വർഗ്ഗ, രാഷ്ട്രീയേതരമായും നിഷ്പക്ഷമായും പ്രവർ ത്തിക്കുന്നതാണ്.

ജീൻ ഹെൻട്രി ഡ്യൂനന്റിന് സോൾഫെറിനോ യുദ്ധം നൽകിയ പ്രചോദനം റെഡ്ക്രോസ്സിന് രൂപം നൽകിയെങ്കിൽ ഒന്നാംലോക മഹായുദ്ധകാലത്തെ മനുഷ്യക്കുരുതിയുടെ കഥ കാനഡയിലെ ബാലികബാലൻമാരുടെ കണ്ണുതുറപ്പിക്കാൻ പോന്നവയായിരുന്നു. യുദ്ധത്തിൽ മുറിവേറ്റു കിടക്കുന്ന ഭടൻമാരെ ശത്രു മിത്ര ഭേദം കൂടാതെ സഹായിക്കുന്ന റെഡ്ക്രോസ്സിന്റെ പ്രവർത്തനങ്ങൾ ക്ക് കുട്ടികളുടെ സംഭാവന വിലപ്പെട്ടതായിരുന്നു. ഭടൻന്മാർക്ക്

പ്രഥമശുശ്രൂഷ നൽകാനാവശ്യമായ ബാന്റേജും മറ്റു വസ്തുക്കളും ശേഖരിച്ചു നൽകുവാൻ ആ കുട്ടികൾ കാണിച്ച സേവനസന്നദ്ധത മുതിർന്നവരെപോലും അത്ഭുതപ്പെടുത്തി.

നാളത്തെ വാഗ്ദാനങ്ങൾ ഇന്ന് സേവനത്തിന്റെ പാഠങ്ങൾ ഗ്രഹിച്ചാൽ ലോകത്തെ ദുരിത വിമുക്തമാക്കാൻ കഴിയുമെന്ന് അനുഭവ സമ്പന്നയായ ക്ലാരാബർട്ടൺ എന്ന മഹതി മനസ്സിലാക്കി.കുട്ടികളുടെ ഉത്സാഹം പ്രവർത്തന മണ്ഡലത്തിലേക്ക് തിരിച്ചുവിടാൻ വേണ്ടി 1920 ൽ അവർ ജൂനിയർ റെഡ്ക്രോസ്സിന് രൂപം നൽകി.
മനുഷ്യ സ്നേഹികളായ ഉത്തമ പൗരന്മാരെ വളർത്തി എടുക്കുന്ന ജൂനിയർ റെഡ്ക്രോസ്സിന്റെ അംഗങ്ങളാകുന്നത് ഒരഭിമാനമായി കണക്കാക്കാം.

ജൂനിയർ റെഡ്ക്രോസ്സ് പ്രസ്ഥാനം വേനപ്പാറ ഹൈസ്കൂളിൽ 1992 അധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിച്ചു.ഇന്നും സ്കൂളിൽ ജെ.ആർ.സി കേഡറ്റുകൾ സേവന രംഗത്ത് മുന്നേറുന്നു.



ടിയാര സൈമൺ

**അധ്യാപിക**

# മരണസംസ്കാരം -ലഹരിയിലൂടെ

പാൻമസാല ഉൾപ്പെടുന്ന പുകയില ഉൽപ്പന്നങ്ങളെ നിയമം മൂലം കേരളം നിരോധിച്ചു കഴിഞ്ഞു. പുകയില ചേർത്ത വെറ്റിലമുറുക്കും ഈ നിയമത്തിന്റെ പരിധിയിൽ വരും.പുകവലിയോടൊപ്പമോ അതിനെക്കാളുമോ അർബുദകാരിയാണ് പാൻമസാലയും പുകയില മുറുക്കുകളും എന്നു നാം തിരിച്ചറിയണം.

ചുണ്ടിനടിയിൽ ലഹരിയും കോശങ്ങളിൽ അർബുദത്തിന്റെ വിത്തുകളും പാകാനായി വർണകൂടുകളിൽ ചമഞ്ഞെത്തുന്ന വിഷമാണ് പാൻമസാലകൾ.പുകയിലയും




നിക്കോട്ടിനും അടങ്ങിയ വസ്സ്തുക്കൾ ചവയ്ക്കാനും വായിൽ തിരുകാനും ഉപയോഗിക്കുന്ന പാൻമസാലകളും ഗുട്ക്കയും ഉൾപ്പെടയുള്ളവയെ സംസ്ഥാന സർക്കാർ നിരോധിച്ചു.

പക്ഷേ ഇന്നത്തെ മനുഷ്യർ ശാരീരികമായും മാനസ്സികമായും ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടു കൊണ്ടിരിക്കുകയാണ്.ഇന്നത്തെ പത്രങ്ങളിൽ നോക്കിയാൽ ഇത് നമുക്ക് മനസ്സിലാക്കാം.മറ്റ് എവിടെ നോക്കിയാലും കഞ്ചാവ്,മദ്യം,പാൻമസാലകൾ തുടങ്ങിയ ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടവരെ നമുക്ക് കാണാൻ സാധിക്കും.


ഈ ലോകം കേരളീയരുടെ നാടല്ല,മറിച്ച് മദ്യപന്മാരുടെ നാടാണ്.മദ്യം ഒരു ലഹരി വസ്തുവാണ്. അതിനാലാണ്

അത് ഒരിക്കൽ കഴിച്ചാൽ വീണ്ടും കഴിക്കാൻ ശ്രമിക്കുന്നത്.മദ്യത്തിന് രുചിയുണ്ടെങ്കിലും അത് കൊടിയ വിഷമാണെന്ന് മനുഷ്യൻ മനസ്സിലാക്കുന്നില്ല.ഇത് കഴിക്കുന്നതു മൂലം ക്യാൻസർ പോലുള്ള മഹാരോഗങ്ങൾ പിടിപ്പെടുന്നു.

കൂടാതെ, കൈയ്യിലുള്ള പണം മുഴുവൻ മദ്യം വാങ്ങി കഴിച്ച് വീട്ടിൽ അനേകം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.ഇന്നത്തെ ചെറിയ കുട്ടികൾ വരെ ലഹരി മരുന്നുകൾക്ക് അടിമപ്പെട്ടു വരികയാണ്.


മദ്യം കഴിച്ച് വാഹനമോടിച്ച് എത്ര ജീവനുകളാണ് മനുഷ്യൻ എടുത്തിട്ടുള്ളത്?കൂടാതെ,അവർ സ്വയം മൃതിയെ ക്ഷണിച്ചു വരുത്തുന്നു.

ഇന്നത്തെ ലോകത്തിന്റെ അവസ്ഥ വളരെ ദയനീയമാണ്.ചില ചീത്ത കൂട്ടുകെട്ടുകളിൽ ചേർന്ന് തന്നെത്താൻ നശിക്കുന്നു.അതിലൂടെ ഒരു വ്യക്തി തന്നെയാണ് ഇല്ലാതെയാവുന്നത്.ദൈവം എത്ര നല്ല വഴികൾ കാണിച്ചു കൊടുത്തിട്ടും ഇന്നത്തെ മനുഷ്യൻ ചീത്തവഴികൾ മാത്രമാണ് തിരഞ്ഞെടുക്കുന്നത്.



അനഘ.പി.പി **X A**

## അഗ്നിച്ചിറകുകൾ



എനിക്കൊരുപാട് ദൂരം പോകാനുണ്ട്. എന്നാൽ എനിക്ക് തിരക്കില്ല. ചെറുചുവടുകൾ വെച്ചു ഞാൻ നടക്കുന്നു. ഒന്നിനു പിറകെ ഒന്നു മാത്രം. എന്നാൽ ഓരോ ചുവടും മുന്നോട്ട്, ഉയർച്ചയിലേക്ക്.

അഗ്നിച്ചിറകുകൾ എന്ന എ.പി.ജെ അബ്ദുൽ കലാമിന്റെ ആത്മകഥയിൽ അദ്ദേഹം തന്റെ സ്വപ്നം,തന്റെ ലക്ഷ്യം ,ഈ ചെറിയ വരികളിൽ ഒതുക്കുമ്പോൾ ആത്മാർത്ഥതയുള്ള ,ലക്ഷ്യബോധമുള്ള ഈ മനുഷ്യന്റെ കുറച്ച് കാൽവെപ്പുകൾ അറിയാതെ പിൻതുടരാൻ നാം ആശിച്ചുപോകുന്നു.

പലതരം കഴിവുകളോടെയാണ് ഓരോ മനുഷ്യനും ഭൂമിയിൽ ജനിച്ചുവീഴുന്നത്.ഉയരണമെന്ന് സ്വപ്നം കാണുന്ന ഏതൊരാളേയും ഉയർത്താൻ പ്രപഞ്ചം ഗൂഢാലോചനനടത്തുകയാണ് എന്ന് അദ്ദേഹത്തിലെ കവി പറയുമ്പോൾ നാമെല്ലാം എങ്ങാണ്ടൊരിടത്തിരുന്ന് പ്രപഞ്ചത്തെ നോക്കിക്കാണുമ്പോൾ സൂര്യചന്ദ്രന്മാരും മറ്റു ഗ്രഹങ്ങളും ആകാശവും നമുക്ക് വേണ്ടി-നമ്മുടെ ഉയർച്ചക്ക് വേണ്ടി സദാ ഒരുങ്ങിയിരിക്കുകയാണെന്ന് കലാം പറയുന്നു. പ്രപഞ്ചവിസ്മയങ്ങളെ സ്നേഹത്തോടെ നോക്കിക്കണ്ട കലാമിനോളം പ്രപഞ്ചസ്നേഹിയായി മറ്റാരും

ഉണ്ടാകില്ല.സ്വപ്നങ്ങൾ കാണുക,കണ്ടുകൊണ്ടേയിരിക്കുക. സ്വപ്നങ്ങൾക്ക് ചിറക് വേണം,പറക്കാൻ ആകാശം വേണം. ചെന്നെത്താൻ ലക്ഷ്യസ്ഥാനവും വേണം.അതേസമയം അജ്ഞാതമായ ഒരു ഭാവിക്ക് വേണ്ടി മാത്രം പ്രവർത്തിക്കുക എന്നതിനർത്ഥമില്ല. മലഞ്ചരിവുകളെ ആസ്വദിക്കാതെ കൊടുമുടി മാത്രം ലക്ഷ്യം വെക്കുന്നവന്റെ മലകയറ്റം പോലെയാണിത്.മലഞ്ചെരുവിലാണ് ജീവൻ, ഉച്ചിയിലല്ല. കയറുന്നതിലാണ് സന്തോഷം, എത്തുന്നതിലല്ല. പ്രവൃത്തിയിലാണ് ആനന്ദം, ലക്ഷ്യപ്രാപ്തിയിലല്ല. എന്നാൽ ചെറിയ ലക്ഷ്യം വെച്ചു പുലർത്തുക എന്നത് വലിയ പ്രതിസന്ധിയാണ്. അത് കുറ്റകരമാണ്.

ലാളിത്യമാണ് ഒരു മനുഷ്യന് ആവശ്യമായ സ്വഭാവ ഗുണം എന്ന് തന്റെജീവിതം കൊണ്ട് കലാം മറ്റുള്ളവരെ പഠിപ്പിച്ചു."എന്റെ ജീവിതമാണെന്റെ സന്ദേശം" എന്ന് പറഞ്ഞ നമ്മുടെ രാഷ്ട്രപിതാവിനോട് ഏറെ അടുത്തുനിൽ ക്കുന്നു ഈ മഹാ ശാസ്ത്രജ്ഞൻ.



# क्या वह अकेली है?

क्या इस दुनिया में वह अकेली है
और क्या अकेली रही थी?



भगवान की आशा है साथ
दुआ है तो सिर्फ उससे
कि उसके दुःख को मिटाया करें
और सुख के दिन फिर आए
फिर भी क्या वह अकेली रहेगी?
सबकी है अपनी अपनी आशा
उनके सभी हैं पर उसका कोई नहीं।
वह क्या करेगी किससे कहेगी
अपना दुःख कौन उसे समझे
क्या उसका कोई नहीं है।
उसने भी सपने देखे होंगे,
पर सच न कर पाई होगी।



बहुत प्रयत्न किया होगा
पर उसकी सहायता किसी ने नहीं किया होगा
इसलिए छूट गया, टूट गया उसका सपना
वह अधूरा सपना छूट गया, टूट गया।

अनिता मठत्तिल
(अध्यापिका)


# भारत की राष्ट्रीय एकता

भारत हमारा राष्ट हैं ।भारत में हिन्दू,मूसलमान,सिक्ख, ईसाई लोग, बुध्द –जैन आदि धर्म के लोग भाईचारे भाव से जीते हैं । भाषॉए रीति–रिवाज़ तथा खान–पान,धर्म ,जाती य़ा वस्त् और आभुषण का फर्क होने पर भी हमारे देश में राष्ट्रीय एकता का बडा महत्व है । जब हमारे देश में बाहरी शक्तियों ने आक्रमण किया था तब भारत की एकता अवलोकनीय थी । देश की एकता में साहित्य एवं कलाएँ भी महत्वपुणे भुमिका का निवोह करती हैं । भारत में भावात्मक एकता कायम रहने में महापुरूषों की देन अत्यन्त महत्वपुणे है , राष्ट्रीय एकता में समय– समय पर व्यवधान उपस्थित होते रहते हैं , किन्तु यहाँ के निवासियों की एकता तथा दृढ़ – मनोबल के कारण वे सब व्यवधान अब विफल हो रहे हैं । जहाँ एकता है वहाँ शक्ति है । भारत विविधताओं का देश है , अऩेकताओं में एकता ही बडी विशेषता है ।






# OUR PROUD MOMENTS ....




## റേഡിയോ ക്ലബ്ബ്

വേനപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ സൺ റൈസ് സ്റ്റുഡൻറ്സ് റേഡിയോ 91.3 എന്നപേരിൽ റേഡിയോ ക്ലബ്ബ് പ്രവർത്തനമാരംഭിച്ചു. 2019-2020 അധ്യയന വർഷം വിപുലമായ പരിപാടികളോടെ വളരെ സജീവമായി ക്ലബ്ബ് പ്രവർത്തിച്ചുവരുന്നു. കൊടുവള്ളി നിയോജകമണ്ഡലം എംഎൽഎ ശ്രീ കാരാട്ട് റസാഖ് സാർ റേഡിയോ ക്ലബ്ബിന്റെ ഉദ്ഘാടനം നിർവഹിച്ചു.

ദിവസങ്ങളിൽ രാവിലെയും ഉച്ചയ്ക്കുമായി ക്ലാസടിസ്ഥാനത്തിൽ റേഡിയോ പരിപാടികൾ അവതരിപ്പിക്കുന്നു.
പ്രാദേശിക വാർത്തകൾ, ഗുരുമൊഴി, ചിന്താവിഷയം, ക്വിസ് മത്സരങ്ങൾ, സ്വന്തം രചനകൾ പരിചയപ്പെടുത്തൽ, കുട്ടികളുടെ കലാപരിപാടികൾ, വ്യത്യസ്ത തുറകളിലുള്ള അതിഥികളെ പരിചയപ്പെടൽ ഇവയെല്ലാം റേഡിയോ ക്ലബ്ബിന്റെ പുതുമകളാണ്






## ക്ലാസ് ലൈബ്രറി




വേ
നപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ പുതിയ തീരുമാനങ്ങളുമായി വായനയുടെ ലോകം കരുപ്പിടിപ്പിക്കാൻ ക്ലാസ് ലൈബ്രറി എന്ന പദ്ധതി ആവിഷ്ക്കരിച്ചു. ക്ലാസ്സിലെ ഒരു കുട്ടിതന്നെ ലൈബ്രേറിയൻ ആയി പ്രവർത്തിച്ചുകൊണ്ടാണ് ഈ ആശയം നടപ്പിലാക്കാൻ ശ്രമിച്ചത്. ഏതൊരു കുട്ടിക്കും പുസ്തകം എടുക്കാം വായിച്ച ശേഷം തിരിച്ചു നല്കാം. കുട്ടികൾ വായിക്കുന്ന പുസ്തകങ്ങൾ സംബന്ധിച്ച് ആസ്വാദന കുറിപ്പുകൾ, പുസ്തകങ്ങൾ സംബന്ധിച്ച് ചർച്ച തുടങ്ങിയ പ്രവർത്തനങ്ങൾക്കൂടി പദ്ധതിയിൽ നടപ്പിലാക്കി. വായിച്ചില്ലെങ്കിലും ക്ലാസ് മുറിയിലെ ഷെൽഫിലെ പുസ്തകങ്ങൾ മറിച്ചു നോക്കാനെങ്കിലും ബഹി ഭൂരിപക്ഷത്തെയും ഈ പ്രവർത്തനം സഹായിച്ചു. പിടിഎ, എസ് എംസി, പൂർവ വിദ്യാർത്ഥികൾ, പഞ്ചായത്ത് എന്നിവരുടെ സഹകരണത്തോടും പിന്തുണയോടും കൂടിയാണ് ഈ പദ്ധതികൾ നിർവഹിക്കുന്നത്. മധുരത്തിനു പകരം പുസ്തകം എന്ന ആശയത്തിലൂടെ ജന്മദിനങ്ങളിൽ ക്ലാസ് ലൈബ്രറിയിലേയ്ക്ക് പുസ്തകങ്ങൾ ധാരാളമായി എത്തി. കുട്ടികളുടെ

സ്വതന്ത്രവായനയെ പരിപോഷിപ്പിക്കുന്ന ഇടമായി ക്ലാസ് ലൈബ്രറികൾ മാറിക്കൊണ്ടിരിക്കുന്നു. പുസ്തകം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കുട്ടികൾക്ക് ലഭിക്കുന്നത് ക്ലാസ് മുറിയിലെ ലൈബ്രറിയിൽ നിന്ന് എടുത്തു നോക്കാനും തിരികെ വയ്ക്കാനും പറ്റുന്ന രീതിയിൽ പുസ്തകങ്ങൾ സജ്ജീകരിച്ചു. ആകർഷണീയമായി നിരത്തിയ പുസ്തകങ്ങൾ നല്ല വായനക്കാരനെ ജനിപ്പിക്കുന്നു. ഈ ആശയത്തിന് മുൻ തൂക്കം നല്കി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നു.
വിവിധ നിലവാരക്കാരായ കുട്ടികളെക്കൂടി പരിഗണിച്ചാണ് പുസ്തകങ്ങൾ ക്രമീകരിച്ചത്. ലളിതമായ പുസ്തകങ്ങൾ, കവിത, നോവലുകൾ, ആനുകാലികങ്ങൾ, ദിനപത്രങ്ങൾ ഇവ ഉൾ പ്പെടുത്തിയതാണ് ക്ലാസ് ലൈബ്രറി. കുട്ടികളുടെ എണ്ണത്തിന്റെ ഇരട്ടിയോളം പുസ്തകങ്ങൾ ലൈബ്രറിയിൽ സജ്ജീകരിച്ചു.
രണ്ടുദിവസം പുസ്തക വിതരണത്തിനായി മാറ്റി വച്ചു. ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കേണ്ട ചുമതല ലൈബ്രേറിയനാണ്. ആഴ്ചയിൽ ഒരു പിരിഡ് വായനയ്ക്കായി മാറ്റി വച്ചു.



# ഹോം ലൈബ്രറി



ഈ വർഷത്തെ പുതുമയാർന്ന ഒരു പ്രവർത്തനം എന്ന നിലയിൽ ഏറെ ശ്രദ്ധിക്കപ്പെട്ട ഒന്നാണ് ഹോം ലൈബ്രറി. ജൂലൈ 8 ന് ഈ പരിപാടി ഉദ്ഘാടനം ചെയ്തു. കുട്ടികളിലെ വായനാ ശീലം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് വായനാ വീട് ആരംഭിച്ചത്. 100 വീടുകളിലെങ്കിലും ഈ പ്രവർത്തനം ഈ വർഷം ഫലം കാണണമെന്നതാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. അടുത്ത അധ്യയന വർഷം ഇതു കൂടുതൽ കുട്ടികളിലേക്കെത്തിക്കാനും അങ്ങനെ വായനയേയും പുസ്തകങ്ങളേയും സ്നേഹിക്കുന്ന ഒരു തലമുറയേയും ഞങ്ങൾ വിഭാവനം ചെയ്യുന്നു.

ഹോം ലൈബ്രറിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായിത്തന്നെ വേനപ്പാറ ഹൈസ്കൂളിൽ തുടർന്നുകൊണ്ടിരിക്കുന്നു. ക്ലാസധ്യാപകന്റെ നേതൃത്വത്തിൽ അധ്യാപകരും പിടിഎ അംഗങ്ങളും ചേർന്ന കുട്ടികളുടെ വീടു സന്ദർശിക്കുകയും കുട്ടികൾ തയ്യാറാക്കി വച്ചിരിക്കുന്ന ലൈബ്രറി ഉദ്ഘാടനം നടത്തുകയും ചെയ്യുന്നു. അതോടൊപ്പം കുട്ടികളുടെ ലൈബ്രറിക്ക് പ്രോത്സാഹനമായി അധ്യാപകർ പുസ്തകങ്ങളും സംഭാവന ചെയ്യുന്നു. വളരെ താല്പര്യത്തോടെ ധാരാളം കുട്ടികൾ ഈ പദ്ധതിയിൽ ചേരുന്നുണ്ട്. ഈയൊരു പദ്ധതികൊണ്ട് വിദ്യാർത്ഥികളിലെ വായനാശീലം വർദ്ധിപ്പിക്കാനും സാധിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട കൊടുവള്ളി നിയോജകമണ്ഡലം എംഎൽ എ ശ്രീ.കാരാട്ട് റസാഖ് ഹോം ലൈബ്രറിയുടെ ഫോട്ടോ

അനാച്ഛാദനം ചെയ്ത് അഞ്ജന എം.എസിനു നല്കികൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്തു. ഓമശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ.ടി.സക്കീന ടീച്ചർ അധ്യക്ഷത വഹിച്ചു. യോഗത്തിൽ സ്കൂൾ മാനേജർ റവ.ഫാ.ജോൺസൺ പാഴുക്കുന്നേൽ, പഞ്ചായത്ത് അംഗം ഗ്രേസി നെല്ലിക്കുന്നേൽ, ഹെഡ്മാസ്റ്റർ വിൽസൺ ജോർജ്, പിടിഎ പ്രസിഡൻറ് രാജു മാളിയേക്കൽ, ജോസ് ഞാവള്ളിൽ, നിഷ ബിജു എന്നിവർ പ്രസംഗിച്ചു.



# ക്രിയേഷൻസ് ആർട്ട്സ് ക്ലബ്ബിന്റെ ചിത്ര പ്രദർശനം



വിദ്യാർത്ഥികളിൽ സർഗാത്മകവും ക്രിയാത്മകവുമായ ചിന്തയും അന്വേഷണവും വളർത്തുന്നതിന്റെ ഭാഗമായി വേനപ്പാറ ഹോളിഫാമിലി ഹൈസ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ആർട്ട് ഹണ്ട് എന്ന പേരിൽ ചിത്രപ്രദർശനം നടത്തി.

ക്രിയേഷൻസ് ആർട്ട്സ് ക്ലബ്ബിലെ അംഗങ്ങളുടെ നേതൃത്വത്തിലാണ് ചിത്രരചന അധ്യാപികയുടെ സഹായത്തോടെ ഇങ്ങനെ ഒരു ഉദ്യമം നടപ്പിലാക്കിയത്. പെൻസിൽ ഡ്രോയിംഗ്, കാർട്ടൂൺ, എണ്ണച്ചായം, ജലച്ചായം എന്നീ വിഭാഗങ്ങളിൽപ്പെട്ട 250 ചിത്രങ്ങൾ പ്രദർശനത്തിന് മികവേകി. ക്രിയേഷൻസ് 2018 ൽ നിറക്കാഴ്ച എന്ന പേരിൽ പെയ്ന്റിംഗ് പ്രദർശനം കഴിഞ്ഞ വർഷം നടത്തിയിരുന്നു.

ഇതോടൊപ്പം ഓരോ ക്ലാസിലേയും കുട്ടികൾ കൂട്ട ചിത്ര രചന നടത്തുകയും പദ്ധതി വിജയിപ്പിക്കുകയും ചെയ്തു. പിടിഎ, എംപിടിഎ, കൊടുവള്ളി നിയോജക മണ്ഡലം എംഎൽഎ

**കാരാട്ട് റസാക്ക് സാർ എന്നിവർ ഈ പ്രദർശനത്തിന് എല്ലാ ഭാവുകങ്ങളും നേർന്നു.**



# ലഹരിയ്ക്കെതിരെയുള്ള പോരാട്ടങ്ങളിലൂടെ..........




ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളം ലഹരിയുടെ സ്വന്തം നാട് എന്ന സ്ഥിതിയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ നാടിന്റെ, കുടുംബങ്ങളുടെ , യുവതലമുറയുടെ തകർച്ചയ്ക്കും നാശത്തിനും കാരണമാകുന്ന വലിയ വിപത്താണ് ലഹരി വസ്തുക്കളുടെ ഉപയോഗം. മദ്യം, മയക്കുമരുന്നുകൾ, ഇന്റർനെറ്റ്, സ്മാർട്ട് ഫോൺ തുടങ്ങിയവയെല്ലാം യുവതലമുറയ്ക്കിന്ന് ലഹരിയായി മാറിക്കഴിഞ്ഞിരിക്കുന്നു. നാളെയുടെ വാഗ്ദാനങ്ങളായ യുവതലമുറയെ ഈ വലിയ വിപത്തിൽ നിന്നും രക്ഷിക്കുക എന്നത് ഇന്നിന്റെ സുപ്രധാന ആവശ്യമാണ്. 2019-20 അധ്യയന വർഷത്തിൽ വേനപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിലെ വ്യക്തിത്വ വികസന ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ വിവിധങ്ങളായ ബോധവത്ക്കരണ പരിപാടികൾ സ്കൂൾ തലത്തിലും കുടുംബങ്ങളിലും പൊതു നിരത്തുകളിലും നടപ്പാക്കാൻ തീരുമാനിച്ചു. വാർഷിക പദ്ധതി തയ്യാറാക്കി കൃത്യതയോടെയുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യം വയ്ക്കുന്നത്. ജൂൺ 26 ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ഈ പദ്ധതിയ്ക്ക് തുടക്കം കുറിച്ചു

# ഗ്രാമക്കാഴ്ചകൾ



കേരനിരകൾ കവിത പാടും തീരം
പുഴകൾ കവിത പാടും തീരം
പച്ച വിരിച്ച വയലേലകളും
കുളിർ ചൊരിയും അരുവികളും
മഴവിൽ വർണ്ണ പക്ഷികളും
പാറി നടക്കും ഗ്രാമം.
കുന്നും വയലും നീർത്തോടും
നിറഞ്ഞൊരെൻ ഗ്രാമം
കാറ്റിലാടി ഉലയുന്ന പച്ച തെങ്ങോലകൾ
നീളെ പുഴകൾ ഒഴുകും സുന്ദരമെൻ ഗ്രാമം.
എന്റെ സ്വന്തം ഗ്രാമം
സുന്ദര സുരഭില ഗ്രാമം
ഞാൻ വസിക്കുമെൻ ഗ്രാമം



ശിഖ 9C

# π through the ages

We have seen that thoughts on the methods to find the perimeter and area of circle is about four thousand years old. In the language of the present, these can be interpreted as efforts to compute approximate value of π.

In Class 8, we have mentioned the Ahmose Papyrus from ancient Egypt. The method used to do a problem in that amounts to talking 256/81 as an approximate value of π. (The decimal from of this is approximately 3.16). From a Babylonian tablet of roughly this time (1500BC),we find 25/8=3.125 as an approximation for π. The Indian text *satapathabrahmana* , gives the approximate value

339/108=3.138

Drawing polygon of 96 sides within and outside a circle,Archimedes found that 223/71<π<22/7 ; that is 3.1428. In 480 AD , the Chinese mathematician Zu Chong Zhi used polygons of 12288 sides to refine this estimate as

3.1415926<π<3.1415927

This is correct up to eight decimal places. Better values could be found only after a thousand years.

SIMI GARVASIS -Teacher

# *KERALA*



**When was the establishment of Kerala?**
**- 1 November 1965**

**Where is the capital of Kerala?**
**- Thiruvananthapuram**

**What is the official language of Kerala?**
**- Malayalam**

**What was the name of the first governer of Kerala?**
**- Burgula Ramakrishna Rao**

**Which is the state animal of Kerala?**
**- Elephant**

**Which is the state flower of Kerala?**
**- Kanikonna**

**Which is the state tree of Kerala?**
**- Coconut**

**What is the name of the state bird of Kerala?**
**- Great Hornbill**

**What is the total area of Kerala?**
**- 38,863 km**

**How many districts are there in Kerala?**
**- 14**

**How many Lokhsabha seats are there in Kerala?**
**- 20**

**Who is the father of Malayalam language?**
**- Ezhuthachan**

**Name of first congress chief minister of Kerala?**
**- E. M. S. Namboodirippadu**



Anshida K.C 10 A

# ലഹരി വിരുദ്ധ ദിനാചരണം

ജൂൺ 26 ലോക ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് സ്കൂൾ തലത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഹോളി ഫാമിലി ഹൈസ്കൂളും ഹോളി ഫാമിലി ഹയർ സെക്കൻററി സ്കൂളിലെ എൻ എസ് എസ് യൂണിറ്റും സംയുക്തമായി പരിപാടികൾക്ക് നേതൃത്വം നല്കി. ലഹരി വിരുദ്ധ ദിനത്തിന് മുന്നൊരുക്കമെന്ന നിലയിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ക്വിസ് മത്സരം നടത്തുകയും ഓരോ ക്ലാസിൽ നിന്നും കൂടുതൽ സ്കോർ നേടിയവരെ ഉൾപ്പെടുത്തി സ്കൂൾ തല മത്സരം ക്രമീകരിക്കുകയും ചെയ്തു. ഇതിൽ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനികളായ ആഗ്നസ് ജോസഫ്, ടെസ് മരിയ വിൽസൺ, ക്രിസ്റ്റ ആൻ മാനുവൽ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.




ദിനാചരണ പരിപാടിയിൽ പി.ടി.എ പ്രസിഡണ്ട് രാജു മാളിയേക്കൽ അധ്യക്ഷത വഹിച്ചു. സ്കൂൾ മാനേജർ റവ.ഫാ.ജോൺസൺ പാഴൂക്കുന്നേൽ പരിപാടി ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. ഹെഡ്മാസ്റ്റർ വിൽസൺ ജോർജ് സ്വാഗതം ആശംസിച്ചു. എം.പി.ടി.എ പ്രസിഡണ്ട് ശ്രീമതി റീന എം, ഹയർ സെക്കൻററി വിദ്യാർത്ഥി പ്രതിനിധി ഷാഹുൽ അമീൻ, ഹൈസ്കൂൾ വിദ്യാർത്ഥി പ്രതിനിധി ക്രിസ്റ്റ ആൻ മാനുവൽ എന്നിവർ

ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ലഹരി എന്ന വിപത്തിന്റെ ഭീകരതയെ ചിത്രീകരിക്കുന്ന കവിത നസീഹാ നസ്റിൻ ആലപിച്ചു. ശേഷം ആഗ്നസ് ജോസഫ് ചൊല്ലിക്കൊടുത്ത ലഹരി വിരുദ്ധ പ്രതിജ്ഞ എല്ലാവരും ചേർന്ന് ഏറ്റുചൊല്ലി.

തുടർന്ന് ലഹരിക്കെതിരെ ജനമനസ്സുകളെ ഉണർത്തുവാനായി വേനപ്പാറ ടൗണിലേയ്ക്ക് ലഹരി വിരുദ്ധ റാലി ക്രമീകരിച്ചു. ലഹരി വിരുദ്ധ ബാനറുകളും പ്ലക്കാർഡുകളും കരങ്ങളിലേന്തി മുദ്രാവാക്യങ്ങൾ മുഴക്കി ജനമധ്യത്തിലേക്കുള്ള റാലി ലഹരി വിതയ്ക്കുന്ന വിപത്തുകളെക്കുറിച്ച് ചിന്തിക്കാനും ഒരു സമൂഹത്തെ മുഴുവൻ നശിപ്പിക്കുന്ന ഈ വിപത്തിനെതിരേ പോരാടുവാൻ ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും സഹായകമായി.



# രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം




വിവര സാങ്കേതിക രംഗത്തെ പുത്തൻ മാറ്റങ്ങളെക്കുറിച്ചും അവയുടെ നൂതന ഉപയോഗങ്ങളെക്കുറിച്ചും രക്ഷകർത്താക്കളെ ബോധവാന്മാരാക്കുന്നതിനുവേണ്ടി വേനപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ കമ്പ്യൂട്ടർ പരിശീലനം എന്ന നൂതന പദ്ധതിയ്ക്ക് തുടക്കമിട്ടു.

ഈ അധ്യയന വർഷത്തെ പ്രത്യേക പദ്ധതിയായിട്ടാണ് രക്ഷിതാക്കൾ ക്കുള്ള കമ്പ്യുട്ടർ പരിശീലന സ്കൂൾ ഏറ്റെടുത്തത്. വിദ്യാലയങ്ങൾ ഹൈടെക് ആയതോടു കൂടി രക്ഷിതാക്കളും വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിൽ ഹൈടെക് ആകേണ്ടിയിരിക്കുന്നു എന്ന ബോധ്യത്തിൽ നിന്നാണ് ഇങ്ങനെയൊരു പദ്ധതിയ്ക്ക് തുടക്കമിട്ടത്. കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഇമെയിൽ, എന്നിവ ഉപയോഗിക്കുന്നതിന് രക്ഷിതാക്കാൻ ഈ പദ്ധതിയിലൂടെ സാധിച്ചു. സ്കൂളിലെ ലിറ്റിൽ കൈറ്റ് ടീമാണ് നല്ലാപാഠം ഈ പദ്ധതിയുടെ നേതൃത്വത്തിലുള്ള പദ്ധതി നടപ്പിലാക്കിയത്.

**കുട്ടികളോടൊപ്പം ലിറ്റിൽ കൈറ്റ് ട്രൈനേഴ്സായ ഷേർളി മാത്യു, മേരി ഷൈല എന്നീ അധ്യാപകരും പരിശീലകരായി സജ്ജീവമായി ഈ പദ്ധതിയിൽ പങ്കുചേർന്നു..**

**ഹെഡ്മാസ്റ്റർ ശ്രീ.വിൽസൺ ജോർജ് സാർ പദ്ധതി ഉദ്ഘാടനം**



**ചെയ്തു. ആഴ്ചയിൽ രണ്ടു ദിവസം രണ്ട് മണിക്കൂർ വീതമാണ് പരിശീലനം നല്കിവരുന്നത്. പിടിഎ യുടെയും അധ്യാപകരുടെയും പിന്തുണയോടെ ആരംഭിച്ച ഈ പദ്ധതി വിജയകരമായി തുടർ ന്നുകൊണ്ടിരിക്കുന്നു. ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയായി കഴിഞ്ഞു. രക്ഷിതാക്കൾ വളരെയധികം ആവേശത്തോടെ ഈ പദ്ധതി നെഞ്ചേറ്റിയിരിക്കുകയാണ്.**

# അമ്മ വായന

മൊബൈൽ ഫോണിന്റേയും ആധുനിക ഇലക്ട്രോണിക് സാങ്കേതിക വിദ്യകളുടെയും കുത്തൊഴുക്കിൽ മുങ്ങിച്ചേരുന്ന പുതു തലമുറയ്ക്ക് നവ്യാനുഭൂതിയും ആനന്ദവും കണ്ടെത്തുന്ന ഒരുപറ്റം വിദ്യാർത്ഥികളുടെ സ്വപ്ന സാക്ഷാത് ക്കാരമാണ് അമ്മവായന. തങ്ങളുടെ അമ്മമാരെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരിക എന്നതായിതുന്നു ആ സ്വപ്നം.

ആധുനിക ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം പുതിയ തലമുറയെ പുസ്തക വായനയിൽ നിന്നകറ്റി. പകരം ഇ-വായന ക്ക് പിന്നാലെ നാം പായുകയാണ്. പുസ്തകവായനയിലൂടെ നേടുന്ന അറിവും ആനന്ദവും ഇ-വായനയ്ക്ക് നൽകാൻ കഴിയുന്നില്ല എന്ന് മനസ്സിലാക്കാൻ നാം വൈകിയിരിക്കുന്നു. വാട്സ് ആപ്പിനും ഫെയ്സ് ബുക്കിനും എസ്എംഎസിനും ട്വിറ്റിനുമൊക്കെ പിന്നാലെ നാം അതിവേഗം സഞ്ചരിക്കുകയാണ്. യുവതലമുറയുടെ ആസ്വാദനശേഷിയും ചിന്താശേഷിയും നവമാധ്യമങ്ങൾക്ക പിന്നാലെയാണ്. പരസ്പരം സംസാരിക്കാനോ അഭിപ്രായങ്ങളും സ്നേഹവും സൗഹൃദവും പങ്കുവയ്ക്കാനോ കഴിയാതെ യുവതലമുറ മുരടിച്ചുകൊണ്ടിരിക്കുകയാണ് എന്ന സത്യം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഡിജിറ്റൽ ലൈബ്രറി ഈ കാലത്ത് വിപ്ലവാത്മകമായ മാറ്റമായി മീഡിയകളിൽ ചിത്രീകരിക്കുന്നു.

സ്കൂളിലെ വിദ്യാർത്ഥികളിലൂടെ സ്കൂളിലെ ലൈബ്രറിയിലെ പുസ്തകങ്ങൾ വീടുകളിലെത്തിച്ച് അമ്മമാർക്കും വൃദ്ധരായവർ ക്കും വായിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയാണ് തുടക്കത്തിൽ ചെയ്യുന്നത്. അമ്മമാരിൽ നിന്ന്

കുടുംബത്തിലേയ്ക്കും അവിടെ നിന്ന് സമൂഹത്തിലേയ്ക്കും പുസ്തകങ്ങൾ നല്കുന്നു. ലൈബ്രറിയുമായി സഹകരിച്ച് പ്രവർത്തിക്കുന്ന മുഴുവൻ കുട്ടികളെയും നാല് ഗ്രൂപ്പുകളായി തിരിച്ച് അവരിലൂടെ പുസ്തകങ്ങൾ അമ്മമാരിലേയ്ക്ക് എത്തിച്ചുകൊണ്ടാണ് തുടക്കം. അവരുടെ വായനാനുഭവങ്ങളെക്കുറിച്ച് വിലയിരുത്തി പ്രോത്സാഹിപ്പിച്ച് പ്രവർത്തനങ്ങൾ പുസ്തകത്താളുകളിലെ തേഞ്ഞുമാഞ്ഞുകൊണ്ടിരിക്കുന്ന അക്ഷരങ്ങൾക്ക് വായനക്കാരെ കണ്ടെത്തി വെളിച്ചം ലക്ഷ്യം. ഈ പരിപാടിയുടെ ഉദ്ഘാടനം കൊടുവള്ളി നിയോജകമണ്ഡലം എം.എൽ.എ ശ്രീ കാരാട്ട് റസാഖ് സാർ നിർവഹിച്ചു.



# അരുത് ലഹരി




ലോകത്തിന്റെ ഭാവി നിർണ്ണയിക്കപ്പെടുന്നത് ഇന്നത്തെ യുവതലമുറയിലൂടെയാണ്. ശാസ്ത്ര സാങ്കേതിക മേഖലകളിൽ വികസന വിസ്ഫോടനങ്ങളിലൂടെ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ ലോകരാഷ്ട്രങ്ങൾ മത്സരിക്കുമ്പോഴും ഏറെ ആശങ്കയോടെയാണ് യുവതലമുറയെ ലോകം വീക്ഷിക്കുന്നത്.

ലഹരി വസ്തുക്കൾ നല്കുന്ന നൈമിഷിക ഉന്മാദം ഉടച്ചുകളയുന്നത് ഒരു തലമുറയെ തന്നെയാണ്. ജീവിതത്തെ ഹരം പിടിപ്പിക്കാൻ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും ഇന്ന് ഏറി വരികയാണ്. വിടരും മുമ്പേ പുഴുക്കുത്തേറ്റ് വാടുന്ന പൂമൊട്ടുകൾ പോലെ ലഹരി വസ്തുക്കൾ ജീവിതത്തെ പിച്ചിച്ചീന്തുകയാണ് എന്ന തിരിച്ചറിവിലേയ്ക്ക് വിദ്യാർത്ഥി സമൂഹം വളരേണ്ടിയിരിക്കുന്നു. നന്മ നിറഞ്ഞ ഒരു ലോകം പടുത്തുയർത്താനും, ജീവിതം തന്നെ ലഹരിയാക്കി മാറ്റാനും, മനോഹരമായ പുഷ്പം പോലെ വിടർന്നു പരിലസിക്കാനും, വീടിനും നാടിനും അനുഗ്രഹമായി മാറാനും ഭാവി വാഗ്ദാനങ്ങളായ യുവതലമുറയക്ക് സാധിക്കണം.





സിസ്റ്റർ ലെറ്റിൻ

അധ്യാപിക

# സുഹൃത്ത്

അപരിചിതയുടെ രൂപത്തിൽ
ആദ്യമായി നീ എന്നിലേക്ക് പ്രവേശിച്ചു.
പക്ഷേ.....
ഇന്നെനിക്കു അപരിചിതയല്ല.
അത്.....
വിട്ടു പിരിയാൻ കഴിയാത്ത ആത്മബന്ധമാണ്
നിന്നോടുള്ള പിണക്കങ്ങൾക്ക്
നീർക്കുമിളകളുടെ ആയുസ്സേയുള്ളൂ
പ്രാണവായുവിന്റെ വിലയും.....
നിറം മങ്ങിത്തുടങ്ങിയ ഓർമകളിൽ
നിറമാർന്ന ഓർമ്മയായി
എന്നും എപ്പോഴും നീയുണ്ടാകും.






നാദിയ ഫാത്തിമ

10 A

# കറുമ്പി -കഥ

എന്റെ വീട്ടിലെ അതിഥിയായിട്ടായിരുന്നു ആദ്യമായി കറുമ്പിപ്പൂച്ച വന്നിരുന്നത്. അന്ന് ഞാൻ അതിന് കുടിക്കാൻ പാൽ കൊടുത്തു. പിന്നെ എല്ലാ ദിവസവും അത് എന്റെ അരികിൽ വരാൻ തുടങ്ങി. ഒരു കളിക്കൂട്ടുകാരനായും വേദനകളും സന്തോഷങ്ങളും പങ്കുവെക്കാനുള്ള ഉറ്റ കൂട്ടുകാരനായും കറുമ്പിപ്പൂച്ച മാറി. പേരുവിളിച്ചാൽഅനുസരണ ഉള്ള ഒരു കുട്ടിയെപോലെ അവൻ വരും. സ്കൂൾ വിട്ടു വന്നാൽ സ്കൂളിലെ വിശേഷങ്ങൾ പറഞ്ഞ് ഞങ്ങൾ കളിക്കും. രാത്രിയിൽ ഞാൻ ഉറങ്ങാൻ പോകുമ്പോൾ ചാരുകസേരയിൽ ശാന്തമായി ഉറങ്ങുകയായിരിക്കും അവൻ.

ഒരു ദിവസം സ്കൂൾ വിട്ട് വന്നപ്പോൾ കറുമ്പിയെ കണ്ടില്ല. ഒരുപാട് തവണ വിളിച്ചു. എന്നാൽ അവൻ വിളി കേട്ടില്ല. അപ്പോൾ അമ്മ പറഞ്ഞ ആ വാക്ക് എന്റെ നെഞ്ചിൽ മുള്ള് തറച്ചതുപോലെആണ് എനിക്ക് തോന്നിയത്. ഉച്ചയ്ക്ക് ഒരു കാറിനടിയിൽ പെട്ട് കറുമ്പി ചതഞ്ഞരഞ്ഞ വാർത്തയായിരുന്നു അത്. കറുമ്പി ഇന്ന് എന്നോടൊപ്പം ഇല്ലെങ്കിലും അവൻ എന്നും എന്നോടൊപ്പമാണ്- എന്റെ മനസ്സിൽ.





ഫാത്തിമ ഹിബ 9 A

## എന്റെ അമ്മ -മലയാളം

മലയാളികളായ നമ്മൾക്ക് അഭിമാനിക്കാം. നമ്മുടെ മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചിരിക്കുന്നു .1500 വർഷങ്ങൾക്കു മേൽ പഴക്കമുള്ള ഭാഷകൾക്കാണ് കേന്ദ്രസർക്കാർ ഈ പദവി നൽകുന്നത് .മലയാളത്തിന്അത്രമേൽ പഴക്കമുണ്ടെന്ന് വിദഗ്ധസമിതി അംഗീകരിക്കുകയായിരുന്നു .മലയാളത്തിന്റെ പോഷണത്തിനുള്ള പരിപാടികളും ഇനി സർക്കാർ നടപ്പാക്കും.ലോകമെങ്ങുമുള്ള മലയാളികൾക്ക് ആഹ്ലാദകരമായിരിക്കുംഈവിവരങ്ങൾ.

സിവിൽ സർവീസ് പോലും മലയാളത്തിൽ എഴുതാൻ തയ്യാറായി അനേകം യുവാക്കൾ മുന്നോട്ട് വന്നിരിക്കുന്നു. മലയാളം വായിക്കാനോ പറയാനോ തയ്യാറാകാതിരുന്നാൽ മരവിച്ചു മരിക്കുമെന്ന കാര്യം പുതിയ തലമുറ മനസ്സിലാക്കിയിട്ടുണ്ട്. മലയാളം എഴുതുന്നതിലും പറയുന്നതിലും അഭിമാനം കണ്ടെത്തുന്ന പലരുമുണ്ട്. നമുക്കാ ചുണക്കുട്ടികളെ മാതൃകയാക്കാം. നന്നായി മലയാളം പഠിക്കാം, പ്രയോഗിക്കാം, വളരാം, വിജയിക്കാം.......




നിഷാന ഫാത്തിമ

X A



# രാമായണ ക്വിസ്

1 കർണ്ണന്റെ വളർത്തമ്മയുടെ പേരെന്ത്?
*രാധ

2 ഭീഷ്മരുടെ യഥാർഥ പേര്?
*ദേവവ്രതൻ

3 ദക്ഷന് എത്ര പുത്രൻമാർ ഉണ്ടായിരുന്നു?
*അറുപത്

4 സൂര്യ വംശത്തിന്റെ സ്ഥാപകൻ?
*ഇഷ്വാകു

5 ദേവഗുരുവായ ബ്യഹസ്പതിയുടെ ഭാര്യ?
*താര

6 സമുദ്രം കുടിച്ച് വറ്റിച്ച മുനി?
*അഗസ്ത്യമുനി

7 താടക ആരുടെ പുത്രിയാണ്?
*സുകേതു എന്ന യക്ഷന്റെ പുത്രി

8 അഗ്നിദേവന്റെ ആയുധം?
*വേൽ -



ധനുശ്രീ **x:b**


# FRIENDSHIP

**F**riendship is the ship which we see
**R**owing through  the happy sea
**I**t can't be easily
**E**radicate completely
**N**o one will understand its passion,
**D**uring the period of fashion.
**S**hip with kindness,
**H**appiness and faithfulness
**I**t must be so humble and simple
**P**assion must be its symbol.



TEZ MARIA WILSON

IXA



# The Echoing Green



The mother Nature had
the echoing green
Trees,Fruits,Flowers and all
are the parts of our nature
where is my rivers, where is my
fields ...................all
float away in the stream of time
Our mother is now a solitary
tear in my heart now
Only I can see buildings, flats and all
No fields are seen..........
Where is my birds...they are in zoos
Our mother is a indescribable one.
But an unexpected tragedy happened
for our mother nature
The humans are destroying the nature
And they begin settled life
They are experiencing the bad effects
But they don't care about it
**My mother is gone..............**

## ജീവിത സ്വപ്നം -കഥ

ആറാം ക്ലാസിലാണ് വിഷ്ണു പഠിക്കുന്നത്. പഠനത്തിലും മത്സരങ്ങളിലും മിടുക്കൻ. എല്ലാത്തിലും ഒന്നാമനായിരുന്നു. അവന്റെ ജീവിതത്തിൽ അവൻ പുറകിലായിരുന്നു. ബാല്യം അവന് സമ്മാനിച്ചത് ധാരാളം വേദനകളായിരുന്നു. അവൻ നാലാം ക്ലാസിൽ പഠിക്കുമ്പോൾ അവന് അവന്റെ അച്ഛനെ നഷ്ടപ്പെട്ടു. അങ്ങനെ അവന്റെ അമ്മ അവനെ കഷ്ടപ്പെട്ട് വളർത്തി. ഒടുവിൽ അവന്റെ അമ്മയെയും അവന് നഷ്ട്പ്പെട്ടു. അവൻ 9-ാം ക്ലാസിൽ പഠിക്കുമ്പോഴാണ് അവന്റെ അമ്മ മരിക്കുന്നത്. സഹോദരങ്ങൾ ഇല്ലാതിരുന്ന അവൻ ഒറ്റപ്പെട്ടു എന്നു വേണം പറയാൻ. അവസാനം അച്ഛന്റെ ബന്ധുക്കൾ അവനെ വിട്ടിലേക്കു കൊണ്ടുപോയി. അച്ഛന്റെ വിട്ടിലെ താമസം വിഷ്ണുവിന് അത്ര രസകരമല്ലായിരുന്നു. കാരണം, അവിടെയുള്ള ജോലികളെല്ലാം അവനായിരുന്നു ചെയ്യാറ്. അവഗണനയും പരിഹാസവും എല്ലാം കണ്ടും കേട്ടും അവൻ പത്താം ക്ലാസിലേക്കെത്തി. പഠിക്കാൻ സമയം കിട്ടാത്തതിനാൽ അവൻ പഠിച്ചത് നിലാവിന്റെ വെട്ടത്തിലായിരുന്നു. പരിഹാസം കേട്ടുകൊണ്ടാണങ്കിൽ പോലും അവൻ പതറിയില്ല. പത്താം ക്ലാസിൽ ഫുൾ A+ഓടെ അവൻ വിജയിച്ചു. അനുമോദനങ്ങൾ അവനെ തേടിവന്നു. നാട്ടുകാർ അവനെ പുകഴ്ത്തി. എങ്കിലും വിഷ്ണുവിന്റെ മനസ്സിലെ തീ അണഞ്ഞില്ല. അവൻ അമ്മ വീട്ടിലേക്ക് പോയി. സ്നേഹമുള്ളവരായിരുന്നു അവന്റെ അമ്മവീട്ടുകാർ. അവൻ പഠിച്ചു. അവസാനം പി.എസ്.സി പരീക്ഷയിൽ നല്ല വിജയം കുറിച്ചുകൊണ്ട് അവൻ ജോലിക്ക് കയറി. ഇപ്പോൾ അവന്റെ '

ജീവിതം സന്തോഷപൂർവമാണ്. അവന്റെ വിവാഹം കഴിഞ്ഞു. ഭാര്യയും കുട്ടികളും അവനും. സ്വന്തമായി വീടും കാറും പണവും അവൻ സമ്പാദിച്ചു. എന്നു രാത്രി പുറത്തുവന്ന് നക്ഷത്രങ്ങളെയും ചന്ദ്രനെയും നോക്കിനിൽക്കുന്ന വിഷ്ണുവിനോട് അവന്റെ മകൻ ചോദിച്ചു. "എന്തിനാ അച്ഛാ എന്നും ഇവിടെ വന്നു നോക്കുന്നത്". വിഷ്ണു മറുപടി കൊടുത്തു. "എന്റെ അമ്മയും അച്ഛനും മരിച്ചുപോയി. അവരാണ് എന്നെ ഇവിടെ വരെ എത്തിച്ചത്. എന്റെ ഏറ്റവും വലിയ ദൗർബല്യമാണിത്. "എന്റെ ഏറ്റവും വലിയ നഷ്ട സ്വപ്നം.



**അനന്തു ശേഖരൻ**
**9B**


# വിസ്മയയുടെ വിസ്മയങ്ങൾ















**Vismaya biju 9 A**

# സൗന്ദര്യം -കഥ

ചില്ലമലക്കാട്ടിൽ ആൽമരക്കൊമ്പിൽ ഒരു പഞ്ചവർണ്ണക്കിളി പാർത്തിരുന്നു. തന്നെപ്പോലൊരു, സുന്ദരി വേറെയില്ലെന്നഹങ്കരിക്കുന്ന , അവൾ ആരുമായും കൂട്ടുകൂടിയിരുന്നില്ല. തൊട്ടടുത്ത മരത്തിൽ കുടുവെച്ചിരുന്ന കാട്ടുകാക്കയെ അവളെപ്പോഴും കളിയാക്കുമായിരുന്നു. ഹും ,നീ പക്ഷി വർഗത്തിനാകെ അപമാനമാണ്. എന്നെപ്പോലുള്ള സുന്ദരിമാർക്ക് മാനക്കേടു വരുത്താതെ ദൂരെപ്പോ..നാശമേ.. "പാവം കാക്ക. അവൾ മിണ്ടാതെ പറന്നകലും. ഒരു ദിവസം കാക്ക തീറ്റ തേടി നടക്കുമ്പോൾ കുറച്ച് ധാന്യ മണികൾ. ഹായ് നല്ല നെൽമണികൾ, ഹൊ ഇന്നത്തെ കാര്യം കുശാലായി എന്നുപറഞ്ഞവൾ തീറ്റയാരംഭിച്ചു . അതൊരു വേടൻ വെച്ച കെണിയായിരുന്നു . അയാൾ കാക്കയെ വലിയിലാക്കി . പക്ഷ അയാൾ കക്കയെ വലിച്ചെറിഞ്ഞു .

തനിക്ക് പറ്റിയ അബദ്ധം മറ്റാർക്കും ഉണ്ടാകാതിരിക്കാൻ ദൂരെ മാറിയിരുന്ന് ശ്രദ്ധിച്ചു . അപ്പോഴതാ നമ്മുടെ പഞ്ചവർണ്ണക്കിളിയുടെ വരവായി . ആർത്തിയോടെ തിന്നാൻ പുറപ്പെട്ട അവളെ കാക്ക വിലക്കി അരുത് . അതൊരു കെണിയാണ്.

"ഓ പിന്നെ ഒരു ഉപദേശി വന്നിരിക്കുന്നു .ഒന്നു പോണുണ്ടോ നാശം."



എന്ന് പറഞ്ഞ് പഞ്ചവർണ്ണക്കിളി ധാന്യം കൊത്താനാരംഭിച്ചു. വേടന്റെ വലയിലുമായി. നല്ലവളായ കാക്ക ഉടനെ ഉറക്കെ കരഞ്ഞു ആളെ കൂട്ടി. കാക്കൾ കൂട്ടം കുട്ടമായി വന്നു .അവർ വേടനെ തലങ്ങും വിലങ്ങും കൊത്തി. സഹികെട്ട് വേടൻ രക്ഷപ്പെട്ടു.അന്നു മുതൽ അഹങ്കാരമെല്ലാം വെടിഞ്ഞു

അവർ കാക്കയുടെ ചങ്ങാതിമാരായി മാറി.



സഫ 9-B

# രണ്ടാം ബാല്യം

ഞാനെന്റെ ചെറുപ്പത്തിൽ

മണ്ണുവാരി കളിച്ചപ്പോൾ
മണ്ണപ്പം ചുട്ടു ഞാൻ വിളമ്പിയില്ലേ...

നല്ല പ്രായം കഴിഞ്ഞപ്പോൾ
എന്റെ പേരക്കുട്ടികളെ
മണ്ണപ്പം ചുടുവാൻ ഞാൻ പഠിപ്പിച്ചു
എന്റെ കൊച്ചുമക്കളും അതുപോലെ ആവർത്തിച്ചു

അവരുടെ വികൃതിയിൽ ലയിച്ചു പോയ
ആ പ്രഭാവത്തിൽ എന്റെ ബാല്യം
വീണ്ടും ഓർത്തുപോയി.

കൊച്ചു കൊച്ചു സങ്കടങ്ങൾ
എണ്ണിയെണ്ണി പറയുമ്പോൾ
എന്റെ പേരക്കുട്ടിയുടെ പരാതികൾ
കേൾക്കുമ്പോൾ
എന്റെ ബാല്യകാലം ഞാൻ ഓർത്തുപോയി



അൽന തോമസ്

9 A




# WINNERS OF THE YEAR(2019-20)

**State Maths fair -Games A Grade -DILNA I C**



**District Maths fair Pure Construction A Grade**
**– ANAGHA P P**



**District Science fair-Project A Grade**
**AGNES JOSEPH , ALEEA ROS GEORGE**





## District Work Experiance Fair

**1. Natural Fibre Works a Grade – SALHA SHAMEER**



**2.Paper Craft A Grade – NAJIYA NASRIN**



## വൃക്ഷവും കവിയും

വൃക്ഷം കവിയോട് പറഞ്ഞു: "നിനക്ക് പേരേ ഉള്ളൂ, എനിക്ക് പേരില്ലെങ്കിലും വേരുണ്ട്." വൃക്ഷം തുടർന്നു. "നിനക്കേറിയാൽ ഒരു നല്ല മനുഷ്യനാകാം." കവി ചോദിച്ചു:ഇപ്പോൾ ഞാൻ മനുഷ്യനല്ലേ..........? വൃക്ഷം പറഞ്ഞു: "അല്ലാ നീ വെറുമൊരു മരം, ഒന്നിനെ പറ്റിയും ബോധമില്ലാത്ത മരം." കവി ചോദിച്ചു: അപ്പോൾ നീയോ....? നീയും ഒരു മരമല്ലേ..?. വൃക്ഷം മൊഴിഞ്ഞു,അല്ല ഭൂമിക്കടിയിൽ വേരും , നക്ഷത്രങ്ങൾ ഒത്താടുന്ന ചില്ലകളുമുള്ള ഞാനാണ് യഥാർത്ഥത്തിൽ കവി എന്നു പറഞ്ഞു വൃക്ഷം കുലുങ്ങിച്ചിരിച്ചു. അപ്പോൾ കവിയുടെ ദേഹം മുഴുവൻ മരം പൂക്കൾ കൊണ്ട് മൂടി.





അലീന റോസ് ജോർജ് XA

# ഭൂമിയുടെ മക്കൾ



ഓ മാനുജാ നീയാര്..?
സർവാധികാര കുലപതിയോ..?
ഭൂമിതൻ സൃഷ്ടിയോ..? അതോ
വിശ്വം ഭരിക്കും രാജാവോ..?
മരങ്ങൾ വെട്ടി കാടുകൾ വെട്ടി
മണലൂറ്റി പുഴയൂറ്റി ദുരിതത്തിലാക്കി
വയൽ നികത്തി മല നികത്തി
ആകാശം പോലും നീ മലിനമാക്കി
ശുദ്ധ ജലമെവിടെ..? ശുദ്ധ വായുവെവിടെ..?
തണലിനായ് ഒരു തണൽ മരമെവിടെ..?
തലയുയർത്തി നിൽക്കുമൊരു മലയെവിടെ..?
കുളിരേകുമൊരു കുളിർക്കാറ്റെവിടെ..?
മഹാത്മാഗാന്ധി, നെഹ്റൂജി പോലവർതൻ
പിൻഗാമി തന്നെയോ നീ മനുഷ്യാ..?
എത്ര മാറിപ്പോയിരിക്കുന്നു നീ..
എത്ര ദുഷ്ടനായിരിക്കുന്നു നീ..
ഭൂമി മാതാവിനെപ്പോലും ദ്രോഹിച്ച നീ
എത്രയെത്ര കൊടിയ ദുഷ്ടൻ തന്നെ.



നസ്രീൻ 10 A

# അമ്മ

നേരിൽ കണ്ടു
ഞാനുമാ
ദൈവത്തിൻ രൂപം..
സന്തോഷമായാലും



സന്താപമായാലും
താങ്ങായ്
തണലായി
കൂടെയിരിക്കുമാ
ദിവ്യരൂപം

നാജിയാ നസ്റിൻ

# കേരള —ചരിത്ര ക്വിസ്

-

കേരള സംസ്ഥാനം രൂപം കൊണ്ട വർഷം?
* 1956 നവംബർ 1
കേരളത്തിന്റെ തലസ്ഥാനം?
* തിരുവനന്തപുരം
ജനസംഖ്യ കുറഞ്ഞ ജില്ല?
* വയനാട്
ജനസാന്ദ്രതയിൽ മുന്നിൽ നിൽക്കുന്ന ജില്ല?
* ആലപ്പുഴ
കേരളത്തിലെ ആദ്യത്തെ റെയിൽവേ ലൈൻ?
* കൽപ്പറ്റ
വടക്കേ അറ്റത്തുള്ള ജില്ല?
* കാസർകോട്
ജനസാന്ദ്രത ഏറ്റവും കുറഞ്ഞ ജില്ല?* ഇടുക്കി

കേരളത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റ് ഗ്രൂപ്പ് ഏത്?
*കമ്യൂണിസ്റ്റ് ലീഗ്
എടക്കൽ ഗുഹ സ്ഥിതി ചെയ്യുന്ന ജില്ല?
.വയനാട്
പഴശ്ശിരാജയെ സഹായിച്ച കുറിച്യരുടെ നേതാവ് ആര്?
*തലയ്ക്കൽ ചന്തു

കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി ആര്?
*ഇ.എം.എസ്.നമ്പൂതിരിപ്പാട്

വടക്കേ മലബാറിന് ഏത് സ്ഥലമാണ് ആസ്ഥാനമായി സ്വീകരിച്ചത്?
*തലശ്ശേരി

ധനുശ്രീ x B

## കടങ്കഥകൾ

– അടിക്ക് വെട്ട്, നടുക്ക് കെട്ട്, തലയ്ക്ക് ചവിട്ട്
. നെല്ല്
– അതാ പോകുന്നു, ഒന്നിങ്ങു പിടിച്ചാൽ ആയിരം പൊൻപണം സമ്മാനം
. കാറ്റ്
– അങ്ങുചെന്ന് കിരുകിരുക്കും ഇങ്ങുചെന്നു കിരുകിരുക്കും പിന്നെ മിണ്ടാതെ മുക്കിലിരിക്കും
. ചൂല്
– ഉറക്കത്തിലും കണ്ണു തുറന്നിരിക്കുന്നവന്റെ പേരു പറയാത്തവർക്ക് പന്തീരായിരം കടം
. മീൻ
– ഉരുണ്ടുരുണ്ടു കറുത്തുണ്ട, ഉണ്ണികളെ കരയിക്കാൻ മിടുക്കൻ
. കുരുമുളക്

– ഇല്ലിക്കൊമ്പത്തില്ലിക്കൊമ്പത്തീശാൻ മാപ്പിള തീ കായുന്നു
. മിന്നാമിനുങ്ങ്

– കടലിൽ മുങ്ങി പൊന്നിൻകിണ്ണം
. സൂര്യാസ്തമയം

**Lelu Manha 9-A**



# PAINTINGS









**ടെസ്സി തോമസ്**
**-അധ്യാപിക**

# IMPORTANCE OF SPORTS IN EDUCATION



Gone are the days when the life of a student used to be stress free and the only worry involved was to perform better in exams which would judge the learning parameters of the student. More importance was given to the exam grades and very less to skill development or extra-curricular activities. But the concept of education has changed drastically over a period of time where more focus is given now towards a holistic development of students. These days schools are equally focusing on extra-curricular activities and sports apart from academics to make students all-rounders.

Sports plays an important role in educating students as it teaches them to become strong from inside and also develop a fit and sound body. Combining sports in education can help students to develop a self-motivating spirit to do things on their own and having ownership of these. Being actively involved in sports can help students relax from their daily routine of learning course syllabus and lessen the exam stress as well. It is a great medium to keep the mind, body and soul in sync and maintain a balance between work and play. Day to day practice in sports can help students imbibe leadership

skills. Qualities like tolerance, patience and tips to handle pressure is well taught by sports. It also teaches the value of team spirit and proficiency to share victory and defeat.

Sports education has direct impact on maintaining the child’s health and increasing their physical stamina. One of the most important thing that is required in sports is the discipline, which has been derived from the word disciple – follower of a learned teacher. Having coaching in sports helps develop obedience, self-confidence and the ability to determine winning or losing with extreme will power.

**Educating students in sports increases the power of reasoning and develops mental growth through constant focus on the current set of activities. Teachers should constantly motivate and appreciate students for their efforts.**

**Note that a good academic background is an important aspect towards pursuing a career in sports as the education qualification will serve as a supporting pillar in the long run. In sports there can be hits and misses but a good educational backup will help maintain a good lifestyle beside continuing sports. Students should give equal importance to both education and sports and maintain a proper balance to excel in both the areas.**



**Dr.TENNISON K S**

**TEACHER**


## വൃദ്ധസദനം



ആരോരുമില്ലാതലഞ്ഞു
നടക്കുന്നവർക്ക്
അഭയമീ സദനം വൃദ്ധസദനം....

മക്കൾ
കൈയൊഴിന്നവർക്ക്ആശ്രയമീഭവനം..
എന്തിനിങ്ങനെ മൂന്നോട്ടു നീങ്ങുന്നു.
സ്നേഹം എന്ന വാക്ക് മറന്ന തലമുറ
എവിടെ ചെന്നു നിൽക്കും.
പത്ത് മക്കളുണ്ടായിട്ടും അമ്മയുംഅച്ഛനും
ആ...ആശ്രയ ഭവനത്തിൽ...........
ഓർക്കുക ..ഒരുനാൾ നിങ്ങളും
വന്നുച്ചേരും ഈ ഭവനത്തിൽ

## 'എഴുത്ത് അവകാശമാക്കിയ ഒരു മനുഷ്യൻ '



നർമ്മരസം കലർന്ന ലളിതമായ ഭാഷകൊണ്ട് നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത മഹാനായ എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. കോട്ടയം ജില്ലയിലെ വൈക്കത്തിനടുത്തുള്ള തലയോലപറമ്പിലെ ഒരു മരക്കച്ചവടക്കാരൻെറ മൂത്ത മകനായി ജനിച്ച ബഷീർ ബാല്യത്തിൽത്തന്നെ ഗാന്ധിയൻ ആദർശങ്ങളിൽ ആകൃഷ്ടനായി തീർന്നു. സ്വാതന്ത്ര്യസമര രംഗത്ത് സജീവമായി പങ്കെടുത്ത് ജയിൽവാസം അനുഭവിച്ച അദ്ദേഹം ഉത്തമനായ ദേശസ്നേഹികൂടിയായിരുന്നു.ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ച്, ജീവിക്കാൻ വേണ്ടി അലഞ്ഞുനടന്ന്, നേരിട്ടു പഠിച്ച ജീവിതാനുഭവങ്ങൾ അദ്ദേഹത്തിൻെറ രചനകൾക്ക് അടിത്തറയായി മാറി. അതുകൊണ്ട് തന്നെ മലയാളസാഹിത്യരംഗത്ത് ഇതിഹാസ തുല്യമായ സ്ഥാനം അലങ്കരിക്കാൻ അദ്ദേഹത്തിനു സാധിച്ചു.

ശക്തമായ ആക്ഷേപഹാസ്യവും രൂക്ഷമായ പരിഹാസവും വരികൾക്കിടയിൽ ഒളിപ്പിച്ചുവെച്ച് വായനക്കാരെ കേവലാഹ്ളാദത്തിൽ നിന്ന് ആഴത്തിലുള്ള ചിന്തകളിലേക്ക് ഉയർത്തികൊണ്ടു പോകുന്ന 'ബഷീറിയൻ ശൈലി' താരതമ്യങ്ങൾക്കപ്പുറമാണ്.

പുതുമയുള്ള പ്രമേയങ്ങൾ, ശക്തമായ ആഖ്യാനശൈലി, അനന്യമായ കഥാപാത്രസൃഷ്ടി എന്നിവയായിരുന്നു അദ്ദേഹത്തിന്റെ കൃതികളുടെ മുഖ്യ സവിശേഷതകൾ. ഉന്നത ജാതിക്കാരനായ കേശവൻ നായരുടേയും തൊഴിൽ രഹിതയായ ക്രിസ്ത്യൻ യുവതി സറാമ്മയുടേയും നർമ്മം തുളുമ്പുന്ന പ്രമേയ കഥയായ 'പ്രേമലേഖന'ത്തോടെയാണ് ബഷീർ സാഹിത്യ പ്രവേശം നടത്തിയത്.

ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവും അധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാളായിരുന്നു അദ്ദേഹം. ജീവിതാനുഭവങ്ങളുടെ കരുത്തുകൊണ്ട് 'എഴുത്തിന്റെ സുൽത്താനാ'യിത്തീർന്ന അദ്ദേഹത്തിന്റെ ജീവിതകഥകൾ മലയാളിയുടെ സാഹിത്യ ജീവിതത്തിൽ നിറഞ്ഞു തെളിഞ്ഞു നിൽക്കുന്നു. സർവ്വ ചരാചരങ്ങളോടുമുള്ള അടങ്ങാത്ത സ്നേഹവും ആദരവും വാത്സല്യവും കഥകളുടെ ഓരോ മുക്കിലും മൂലയിലും നിറഞ്ഞു നിൽക്കുന്നുമുണ്ട്. മലയാള സാഹിത്യത്തിലെ 'ചക്രവർത്തി' തന്നെയായ അദ്ദേഹത്തെ നമുക്ക് നമിക്കാം .

മേരി ഷൈല

# Wake me up

**Feeling my way through the darkness**
**Guided by a beating heart**
**I can't tell where the journey will end**
**But I know where to start**
**They say I am too young to understand**
**They say I am caught up in a dream**
**Well life will pass me by if I don't**
**Open my eyes**
**Well that's fine with me**
**So make me up when it's all over**
**When I am wise and olden**
**All this time I was finding myself**
**I didn't know I was lost**
**I tried to carrying the weight of world**
**But I only have two hands**
**Hope I get the chance to travel**
**The world**
**But I don't have any plans**



**ADITYA -9 A**



# മഹാത്മാഗാന്ധി



1869 ഒക്ടോബർ2 ഗുജറാത്തിലെപോർബന്തറിൽ കരംചന്ദ്ഗാന്ധിയുടെയും പുത്ലീഭായിയുടെയും മകനായി ജനനം.
1883 കസ്തൂർബയെ വിവാഹം ചെയ്തു.
1893 ദക്ഷിണാഫ്രിക്കയിലേക്ക് തിരിച്ചു.

1904 ഇന്ത്യൻ ഒപ്പീനിയൻ പ്രസിദ്ധീകരണം

1906 ആദ്യ സത്യാഗ്രഹം-ദക്ഷിണാഫ്രിക്കൻ ഭരണകൂടത്തിനെതിരെ.

1915 ഇന്ത്യയിൽ തിരിച്ചെത്തുന്നു.
1915 ജനുവരി 29:ഗുജറാത്തിലെ സബർമതീ തീരത്ത് ആശ്രമം സ്ഥാപിക്കുന്നു.
1917 ഇന്ത്യയിലെ ആദ്യ സത്യാഗ്രഹ സമരം ചമ്പാരനിൽ.
1918 ആദ്യ നിരാഹാര സമരം അഹമ്മദാബാദിൽ.
1919 ഏപ്രിൽ 6:റൗലറ്റ് നിയമത്തിനെതിരെ രാജ്യവ്യാപക ഹർത്താൽ.
1920 നിസ്സഹകരണ പ്രസ്ഥാനത്തിന് തുടക്കം.
1922 മാർച്ച് 10:അറസ്റ്റും ജയിൽ ശിക്ഷയും.
1930 മാർച്ച് 21:ചരിത്രപ്രസിദ്ധമായ ദണ്ഡിയാത്രയും ഉപ്പ് സത്യാഗ്രഹവും.

1931 രണ്ടാം വട്ടമേശ സമ്മേളനത്തിൽ ഗാന്ധിജി പങ്കെടുക്കുന്നു.
1942 ക്വിറ്റ് ഇന്ത്യാ പ്രമേയവും പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക (**Do or Die**)
എന്ന ഗാന്ധിജിയുടെ ആഹ്വാനവും.
1947 കസ്തൂർബയുടെ മരണം.
1947 ആഗസ്റ്റ് 15:സ്വാതന്ത്ര്യ പ്രാപ്തി ആഘോഷത്തിൽ പങ്കെടുക്കാതെ ഗാന്ധിജി കൽക്കത്തയിൽ മതസൗഹാർദ ശ്രമങ്ങളിൽ.
1948 ജനുവരി 30:ബിർളാമന്ദിറിൽ പ്രാർത്ഥനായോഗത്തിന് പോകുമ്പോൾ നാഥുറാം വിനായക് ഗോഡ്സെയുടെ വെടിയേറ്റ് മരണം.



അരുൺ കാർത്തിക്ക് പി ജി
9 **B**

# കാലമാറ്റം

മീനത്തിലിന്ന് മഴയും
കർക്കിടകത്തിലിന്ന് ചൂടുമായിരിക്കുന്നു
അമ്മയുടെ മടിയിൽ കിടന്ന് തൊട്ടി
നുണഞ്ഞിരുന്ന കുഞ്ഞ്
ഇന്നമ്മയുടെ മടിയിൽ കിടന്ന്
ഇന്റർനെറ്റ് നുണയുന്നു





നസ്വീഹ നസ്രിൻ 9 A

# നഷ്ടപ്രണയം



എൻ മുന്നിൽ നീ ആദ്യമായി
പറന്നിറങ്ങവേ...
അറിയാതെ നിന്നെ ഞാൻ സ്നേഹിച്ചു
പോയി
തമ്മിൽ അറിയാതെ നമ്മൾ
പരസ്പരം അറിയുവാൻ
ഈ വഴി പലനാൾ നീ വന്നതല്ലേ....
എൻ സ്വപ്നത്തിൽ നീ തന്ന ചുംബനം
കൊതിയോടെ ഇന്നും ഞാൻ ഓർത്തിടുന്നു
കൺമുന്നിൽ നിന്നും നീ മറഞ്ഞിടല്ലേ...
എന്നു ഞാൻ ഒരായിരം വട്ടം ആഗ്രഹിച്ചു
നീ എന്നിൽ നിന്ന് അകന്ന നാളുകളെല്ലാം
തീരാ ദുഖത്തോടെ ഞാൻ ഇന്നും ഓർക്കുന്നു
നിന്നോളം ഒന്നിനെയും ഞാൻ ഇന്നുവരെ പ്രണയിച്ചില്ല-
സ്നേഹം എന്ത് എന്ന് നീ എന്നെ പഠിപ്പിച്ചു.
സ്നേഹത്തിൻ അർത്ഥവും പഠിപ്പിച്ചു.



മനില എം യു 9 C



## കുയിലുംകാക്കയും -കഥ

കാക്കയും കുയിലും
തമ്മിലുള്ള വഴക്കു കാരണം മറ്റു
പക്ഷികളെല്ലാം പൊറുതികെട്ടു.
പക്ഷികൾ തമ്മിലുള്ള തർക്കം പക്ഷികൾക്ക് തന്നെ തീർത്തുകൂടെ?.
തത്തമ്മയുടെ മണ്ടയിലാണ് ഈ ആശയം ഉദിച്ചത്. കുന്നിൻപുറത്തെ
മാവിൻ കൊമ്പത്ത് തത്തമ്മ ഒരു യോഗം വിളിച്ചുകൂട്ടി.
കാക്കകളുടേയും കുയിലുകളുടേയും പ്രതിനിധികൾയോഗത്തിനെത്തി.

വഴക്കിന് കാരണമായ കാര്യങ്ങളെക്കുറിച്ച് കാക്ക വിശദമായി
സംസാരിക്കാൻ തുടങ്ങി. കാക്കയ്ക്കും കുയിലിനും കറുപ്പ് നിറമാണെന്ന
സത്യം മുതലെടുത്ത്കൊണ്ട് കുയിലുകൾ ഇത്രനാളും ഞങ്ങളെ
പറ്റിക്കുകയായിരുന്നു.മെയ്യനങ്ങുകയോ വിയർക്കുകയോ ചെയ്യാതെ
വെറുതെ പാട്ടും പാടി നടക്കുന്നവരാണ് കുയിലുകൾ.
ഞങ്ങളാണെങ്കിൽ ജീവിക്കാൻ വേണ്ടി വളരെയധികം
കഷ്ടപ്പെടുന്നു.കാക്കകൾ കഷ്ടകൂടുണ്ടാക്കുന്നത് കാക്കകളുടെ മുട്ട
വിരിയിക്കാനാണ്.കാക്കക്കുട്ടികളെ പോറ്റാനാണ്. എന്നാൽ; ഞങ്ങൾ
കൂട്ടിലില്ലാത്ത തക്കം നോക്കി കുയിലുകൾ ഞങ്ങളുടെ കൂട്ടിൽ കയറി
മുട്ടയിടുന്നു.കാര്യമറിയാതെ കുയിൽമുട്ടകൾക്കു മീതെ ഞങ്ങലൾക്ക്
അടയിരിക്കേണ്ടിവരുന്നു.കാക്കക്കുഞ്ഞുങ്ങളെന്ന് തെറ്റിദ്ധരിച്ച്
കുയിൽ കുഞ്ഞുങ്ങളെ പോറ്റിടേണ്ടി വരുന്നു.കുയിൽ കുഞ്ഞുങ്ങൾ
പാടിത്തുടങ്ങുമ്പോൾ മാത്രമാണ് ഞങ്ങൾക്ക് ചതി
മനസ്സിലാകുന്നത്!. ഈ അവസ്ഥ ഇനിയും തുടരാൻ
അനുവദിച്ചുകൂടാ.കുയിലുകളെ ഞങ്ങൾ വെറുതെ വിടില്ല."
കാക്ക പറഞ്ഞു നിർത്തി.

"കാക്കയുടെ പരാതി കേട്ടില്ലേ? കുയിലിന് ഇക്കാര്യത്തിൽ എന്തെങ്കിലും പറയാനുണ്ടോ?"-തത്തമ്മ ചോദിച്ചു
കുയിൽ ഒന്നും മിണ്ടിയില്ല."കുയിലിന്റെ മൗനം കുറ്റ സമ്മതമായി ഞാൻ കണക്കാക്കുന്നു.ഇനിമേൽ കുയിലുകൾ സ്വന്തമായി കൂടുകെട്ടട്ടെ.സ്വന്തമായി അടയിരിക്കട്ടെ."തത്തമ്മയുടെ നിർദ്ദേശം കാക്കയും കുയിലും സ്വീകരിച്ചു.അതോടെ അവർ തമ്മിലുള്ള വഴക്കിന് അയവു വന്നു.മടിയന്മാരായ അവർ പക്ഷേ കൂടുണ്ടാക്കാനും മെനക്കെടാറില്ലത്രേ.പഴയപോലെ കാക്കക്കൂട്ടിൽ കയറാനും പറ്റുന്നില്ല.നമ്മുടെ നാട്ടിൽ കുയിലുകളുടെ എണ്ണം കുറഞ്ഞതിന്റെ കാരണം ഇപ്പോൾ വ്യക്തമായല്ലോ...



**-അഖിലേഷ് ഗോപി 8.C**

# A FRIEND





A friend who is true
is a friend to the end
someone with whom
you can depend on
they will pick you up
when you are feeling down
with them there's no gaming
or playing around
They're loyal and honest
harbour no ill will
stand by your side
through thick and thin
so if you're lucky enough
to have such a friend
do cherish them please
to the end




**Nishana Fathima**
10 A

# DIGITAL PAINTING



ABHISHEK 9 B



JIBIL PK

## മഹദ്‌വചനങ്ങൾ

"പുസ്തകം ചുമക്കുന്നത് അഭിമാനമായി ഞാൻ കരുതുന്നു"
_ജവഹർലാൽ നെഹ്റു

"ആരാണോ ഒരു വിദ്യാലയം തുറക്കുന്നത് അയാൾ ഒരു കാരാഗൃഹം അടയ്ക്കുന്നു"
_റൂസ്സോ

"കാരുണ്യത്തിലാണ് ഒരു മതത്തിന്റെ ആണിവേര് ആഴ്ന്നിരിക്കുന്നത്"
_ഔവ്വയാർ

"കുറവില്ലാത്തതാരോ അവനാണ് സൗന്ദര്യമുള്ളവൻ"
_ശ്രീബുദ്ദൻ

"നന്നായി കൊണ്ടുനടന്നാലും ദുഷ്ടൻ തിൻമ ചെയ്യും"
_ചാണക്യൻ

**- ഫാത്തിമ സുൽത്താന 10 B**

# സ്നേഹമഴ

ആകാശങ്ങളുടെ ആഴങ്ങളിൽ നിന്ന്
വെള്ളിനൂൽപോലെ പ്രത്യക്ഷമാവും മഴ
എന്നെ പുണർന്നും സ്നേഹദീപമാകും മഴ
മഴയെൻ മാനത്തു നിന്നകന്നാൽ

സപ്തവർണ്ണങ്ങളാൽ വന്നിറങ്ങും മാരിവിൽ
മാരിവില്ലിൽ കുളിക്കുന്ന മാനത്തെ
കണ്ടുരസിക്കും ബാലികാബാലൻമാർ
എൻ കവിളിൽ ഏതോ ചുംബന രഹസ്യ-
വുമായ്നീ വരും



നിൻ വരവെനിക്ക് താളമായ് തോന്നും
നിൻ കണ്ണീർ കണ്ട് മലകൾ ചിരിക്കും
നിൻ കണ്ണീർ ഒതുങ്ങുമ്പോൾ പൂക്കൾ
ചിരിക്കും
വയലിൻ ദാഹം നീ ശമിപ്പിക്കും
ഈ ലോകം നിന്നെ സ്നേഹിക്കുന്നു
നിൻ ചിരി കണ്ടാൽ ആർക്കും നിന്നെ
ഇഷ്ടമാകും
പക്ഷേ നിൻ ബീഭത്സ രൂപം കണ്ടാൽ
എല്ലാം നിന്നെ വെറുക്കുമല്ലോ
മഴ പെയ്ത് അകലും തോറും മാനം
ആർത്തു സന്തോഷിക്കുന്നു
പ്രകൃതിയിലെ സുന്ദരരൂപം ധരിച്ച
മാലാഖയാണ് നീ
ഈ ലോകത്തിന്റെ ദാഹം ശമിപ്പിച്ച
വിശ്വരൂപിണിയാണ് നീ
നിൻ ഓരോ തുള്ളിയും
ആശ്വാസത്തിൻ പ്രതീകമാണ്..
ആശ്വാസത്തിന്റെ സ്നേഹരൂപമാണ്.

# OUR PROUD MOMENTS OF 2019-20




## HOLY FAMILY HIGH SCHOOL VENAPPARA,



# നന്ദിയോടെ



നന്ദിയുടെ ഒരു വാക്ക്......

എല്ലാവർക്കും...

വാക്കുകൾക്ക് നിറം നൽകിയവർക്ക് ,ആത്മാർപ്പണം ചെയ്തവർക്ക്...
അക്ഷരങ്ങൾ പൂക്കളായി വിടർത്തിയവർക്ക്...
സമയകാലങ്ങൾ നോക്കാതെ കൂടെ നിന്ന് അധ്വാനിച്ചവർക്ക്..
ഒപ്പം നിന്ന ഗുരുഭൂതർക്ക്..
പ്രോത്സാഹനങ്ങൾ നൽകിയ ഏവർക്കും ..
സർവ്വോപരി നല്ല ദൈവത്തിനും ..



നന്ദി........

സ്റ്റുഡന്റ് എഡിറ്റർ
ഫാത്തിമ ഹിബ